## സബ്മിഷൻ

### (1) ശശീന്ദ്രന്റെ മരണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മലബാർ സിമന്റ്സിലെ മുൻ കമ്പനി സെക്രട്ടറി വി. ശശീന്ദ്രന്റേയും രണ്ട് കുട്ടികളുടേയും സംശയകരമായ മരണം സംബന്ധിച്ച് സി.ബി.ഐ. രജിസ്റ്റർ ചെയ്ത കേസിൽ കരാറുകാരനായ വി. എം. രാധാകൃഷ്ണൻ അറസ്റ്റിലായിരിക്കുകയാണ്. വി. എം. രാധാകൃഷ്ണന്റെ അറസ്റ്റ് സംബന്ധിച്ച് സി.ബി.ഐ. കോടതിയിൽ സമർപ്പിച്ച റിമാൻഡ് റിപ്പോർട്ടിൽ ഞെട്ടിക്കുന്ന വിവിരങ്ങളാണ് പുറത്തുവന്നിരിക്കുന്നത്. മലബാർ സിമന്റ്സിൽ വർഷങ്ങളായി നടന്നുവരുന്ന അഴിമതികളാണ് ഈ ദാരുണ മരണങ്ങൾക്ക് കാരണമെന്ന് റിമാൻഡ് റിപ്പോർട്ടിൽ പറയുന്നു. ശശീന്ദ്രനേയും കുടുംബത്തേയും ഇതുസംബന്ധിച്ച് ഭീക്ഷണിപ്പെടുത്തിയതായുള്ള രേഖകൾ സി.ബി.ഐ.ക്ക് ലഭിച്ചിരിക്കുന്നു. മലബാർ സിമന്റ്സിലെ അഴിമതി കേസുകൾ സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ശശീന്ദ്രന്റെ പിതാവ് ഹൈക്കോടതിയിൽ സമർപ്പിച്ച കേസിൽ കോടതി സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞാപ്പോൾ സി.ബി.ഐ. അന്വേഷണം നടത്തുന്നതിന് ആഭ്യന്തര വകുപ്പിന് എതിർപ്പില്ലെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഫയലിൽ രേഖപ്പെടുത്തുകയും നിയമസഭയിൽ അത് വ്യക്തമാക്കിയതുമാണ്. എന്നാൽ ഇക്കാര്യം അറിയിക്കാതെ അന്വേഷണം സി.ബി.ഐ.ക്ക് വിടേണ്ടതില്ലായെന്ന് ഹൈക്കോടതിയെ പ്രോസിക്യൂട്ടർ അറിയിക്കുകയാണുണ്ടായത്. ആഭ്യന്തര വകുപ്പുമന്ത്രിയെക്കാൾ വലിയ ആളായിട്ടാണ് പ്രോസിക്യൂട്ടർ ഇപ്പോൾ ചമഞ്ഞിരിക്കുന്നത്.

വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ സി.ബി.ഐ. അന്വേഷണം വേണ്ടായെന്നാണ് ഇപ്പോൾ സർക്കാർ സ്വീകരിച്ചിരിക്കുന്ന നിലപാട്. എന്നാൽ മലബാർ സിമന്റ്സിലെ അഴിമതി കേസുകളുമായി ബന്ധപ്പെട്ട വിജിലൻസിന്റെ രഹസ്യ റിപ്പോർട്ട് ഇപ്പോൾ അറസ്റ്റിലായ രാധാകൃഷ്ണന്റെ വീട്ടിൽനിന്നും സി.ബി.ഐ. പിടിച്ചെടുത്തിരിക്കുകയാണ്. വിജിലൻസ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുന്നതിനുമുമ്പ് അന്വേഷണ സംഘം മുഖ്യപ്രതിക്കാണ് റിപ്പോർട്ട് നൽകുന്നത് എന്നാണ് ഇത് വ്യക്തമാക്കുന്നത്. രാധാകൃഷ്ണന്റെ അറസ്റ്റോടുകൂടി കാര്യങ്ങൾ ഒന്നുകൂടി വ്യക്തമായിരിക്കുക യാണ്. മലബാർ സിമന്റ്സിൽ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന കുംഭകോണങ്ങളുടേയും അത് മറച്ചുവയ്ക്കാൻ നടത്തുന്ന കൊലപാതകങ്ങ ളുടേയും സൂത്രധാരൻ ഇപ്പോൾ അറസ്റ്റിലായ രാധാകൃഷ്ണനാണെന്ന് കൂടുതൽ വ്യക്തമായിരിക്കുകയാണ്. അതുകൊണ്ട് മലബാർ സിമന്റ്സിലെ മുഴുവൻ അഴിമതികേസുകളുടേയും അന്വേഷണം സി.ബി.ഐ.യ്ക്ക് വിട്ടുകൊടുക്കുന്നതിന് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കണം. കൊല്ലപ്പെട്ട ശശീന്ദ്രന്റെ പിതാവ് നൽകിയ കേസിലും സി.ബി.ഐ. അന്വേഷണത്തിന് സർക്കാർ തയ്യാറാണെന്ന് ഹൈക്കോടതിയെ അറിയിക്കണം. ഇതാണ് ഗവൺമെന്റിനെയും പ്രത്യേകിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയേയും അറിയിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇതുസംബന്ധിച്ച് ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ. നേരത്തെ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. ഞാൻ അന്നുതന്നെ അതിനെ സംബന്ധിച്ച് മറുപടി പറഞ്ഞതാണ്. അതുകൂടാതെ ശ്രീ. എം. ചന്ദ്രനും ശ്രീ. വി. ചെന്താമരാക്ഷനും ചേർന്ന് ഇക്കാര്യം ഈ സഭയിൽ ഉന്നയിച്ചിരുന്ന

താണ്. ശ്രീ. പി. സി. ജോർജും ഇതിനെക്കുറിച്ച് പറഞ്ഞിരുന്നു. അങ്ങ് ഇവിടെ പറഞ്ഞതുകൊണ്ട് ഞാനതിന്റെ ഇപ്പോഴത്തെ പൊസിഷൻ സംബന്ധിച്ച് പറയാം. ഏത് രീതിയിലുള്ള അന്വേഷണത്തിനുപോകുന്നതിനും ഗവൺമെന്റിന് തടസ്സമില്ലായെന്നുള്ള കാര്യം ഞാൻ അന്നുതന്നെ വ്യക്തമാക്കിയിരുന്നതാണ്. മലബാർ സിമന്റ്സിലെ അഴിമതി സംബന്ധിച്ച് 5 കേസുകൾ പാലക്കാട് വിജിലൻസ് കോടതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവ VC.No.1/2009, VC.No.3/2008, VC.No.7/2008, VC.No.8/2008, VC.No.8/2011 എന്നീ കേസുകളാണ്. മുകളിൽ പറഞ്ഞിരിക്കുന്ന അഞ്ച് കേസുകളിൽ VC.No.3/2008, VC.No.7/2008, VC.No.8/2008, VC.No.1/2009 എന്നിവ അന്വേഷണം പൂർത്തിയാക്കി തൃശ്ശൂർ വിജിലൻസ് കോടതിയുടെ മുമ്പാകെ ചാർജ് ഹാജരാക്കിയിരിക്കുകയാണ്. അതിന്റെ CC നമ്പരുകൾ താഴെപ്പറയുന്നവയാണ്. VC. നമ്പർ CC. നമ്പരാക്കിയപ്പോൾ VC.No.3/2008, VC.No.7/2008, VC.No.8/2008, VC.No.1/2009 എന്നിവ CC.No.32/2010, CC.No.22/2011, . CC.No.2/2011, CC.No.34/2011 എന്നിവയായി വിജിലൻസ് കോടതിയിൽ കലണ്ടർ കേസായി എടുത്തിരിക്കുകയാണ്. VC.No 8/2011 ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. പാലക്കാട് വിജിലൻസ് യൂണിറ്റിൽ ഡിവൈ.എസ്.പി.യാണ് ഇത് അന്വേഷണം നടത്തിവരുന്നത്. ഇതുകൂടാതെ VC.No 20/2000, VC.No 2/2003 എന്നീ കേസുകളും പാലക്കാട് കോടതിയുടെ അന്വേഷണത്തിലുണ്ടായിരുന്നു. പക്ഷെ ഇതിൽ കോടതി മുമ്പാകെ ഫർദർ ആക്ഷൻ ഡ്രോപ്പ് ചെയ്തു എന്നുപറഞ്ഞ് ഫൈനൽ റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. ഇപ്പോൾ അങ്ങിവിടെ സൂചിപ്പിച്ച കേസുകളിലെ ഏത് രേഖ

വേണമെങ്കിലും സി.ബി.ഐ.ക്ക് അന്വേഷിക്കുന്നതിലേക്കായി നൽകാൻ ഗവൺമെന്റ് തയ്യാറാണ്. ഗവൺമെന്റിന് ഈ കേസിന്റെ ഒരു കാര്യത്തിലും വ്യത്യസ്തമായ അഭിപ്രായമില്ല. ഗവൺമെന്റ് ഇതിൽ വളരെ പോസിറ്റീവായ നിലപാടാണെടുക്കുന്നത്. ഞാൻ അത് നിയമസഭയിൽ നേരത്തെ പറഞ്ഞിരുന്നതാണ്. ശശീന്ദ്രന്റെ പിതാവ് ഹൈക്കോടതിയിൽ ഒരു കേസ് കൊടുത്തിട്ടുണ്ട്. ആ കേസ് ഇപ്പോൾ അവിടെ വിചാരണയിലാണ്. ശ്രീ. പി. സി. ജോർജ് അതിനകത്തൊരു കക്ഷിയാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നെഗറ്റീവായിട്ടൊരു നിലപാടില്ല എന്ന് വിനയപൂർവ്വം ഞാൻ അങ്ങയെ അറിയിക്കുകയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, സി.ബി.ഐ.യുടെ അന്വേഷണം എന്നതിനെ തടസ്സപ്പെടുത്തുന്ന തരത്തിൽ, പോലീസ് റിപ്പോർട്ട് സി.ബി. ഐ.യ്ക്ക് പരിശോധിക്കാം എന്നെല്ലാമുള്ള തടസ്സവാദങ്ങൾ നിൽക്കുന്നത് ഒരുവശത്ത്. അതേസമയംതന്നെ അഴിമതിക്കേസുകളുടെ അന്വേഷണം സി.ബി.ഐ. പൂർണ്ണമായും നടത്തണം എന്നുള്ളതിനോട് അങ്ങും ഗവൺമെന്റും യോജിക്കുന്നുണ്ടോ? നിയമസഭയിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതും എഴുതിത്തന്നതും സി.ബി.ഐ. അന്വേഷിക്കുന്നതിൽ എതിരില്ലെന്നാണ്. അതിനുശേഷം ഇപ്പോൾ മാറിയിരിക്കുന്നതെന്താണെന്നു ചോദിച്ചാൽ എല്ലാ അഴിമതി കേസുകളും സി.ബി.ഐ. അന്വേഷിക്കുന്നതിന് തടസ്സമെന്ന നിലയിൽ ഒരു ശ്രുതിവന്നു. അത് ഒഴിവാക്കിയിട്ട് എല്ലാ കേസുകളും സി.ബി.ഐ. അന്വേഷിക്കുന്നതിനോട് ഗവൺമെന്റിന് യോജിപ്പാണുള്ളതെന്ന് മനസ്സിലാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗവൺമെന്റിന്റെ നിലപാട് ഞാൻ വളരെ വ്യക്തമായിത്തന്നെയാണ് പറഞ്ഞത്. ഇതിനകത്തെ

കുറ്റക്കാരെ കണ്ടെത്തണമെന്നതിനോട് ഗവൺമെന്റിന് വളരെ പോസിറ്റീവാ യിട്ടുള്ള നിലപാടാണുള്ളത്. കുറ്റക്കാരെ കണ്ടെത്തണം. പക്ഷെ കോടതി യിൽ കേസ് കിടക്കുകയാണ്. ഹൈക്കോടതിയിൽ കേസ് കിടക്കുന്നതു കൊണ്ട് അതിന്റെ നിയമപരമായ വശംകൂടി പരിശോധിച്ചതിനുശേഷം അങ്ങ് പറഞ്ഞതിന് ഞാൻ മറുപടി പറയാം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ശശീന്ദ്രന്റെ പിതാവ് ഹൈക്കോട തിയിൽ ആവശ്യപ്പെട്ടിരിക്കുന്നത് സി.ബി.ഐ. അന്വേഷണമെന്നുള്ളതാണ്. ബാക്കി എല്ലാപേരും ആവശ്യപ്പെട്ടിട്ടുള്ളതും അതുതന്നെയാണ്. ബഹുമാന പ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞതും അതുതന്നെയാണ്. അതിന് മാറ്റമുണ്ടോ? സി.ബി.ഐ. തന്നെ ഈ അഴിമതി അന്വേഷണം നടത്തണമെന്നതുതന്നെയാണോ ഗവൺമെന്റിന്റെ സമീപനം. അതിനുവല്ല മാറ്റവുമുണ്ടോ എന്നാണ് അറിയേണ്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു മാറ്റവുമില്ലയെന്നു മാത്രമല്ല, ഞാനൊരു വാക്കുമാത്രമേ അഡീഷണലായി പറയുന്നുള്ളൂ. ഹൈക്കോടതിയിൽ കേസ് കിടക്കുന്നതുകൊണ്ട് അതിന്റെ നിയമപരമായ വശമെന്താണെന്നുകൂടി പരിശോധിച്ചതിനുശേഷം നടപടിയെടുക്കാം എന്നാണ് എനിക്ക് പറയാനുള്ളത്.

## (2) അടിസ്ഥാന സൗകര്യ വികസനം

ശ്രീ. ബി. സത്യൻ: സർ, ഞാൻ ഒരു വിഷയം ബഹുമാനപ്പെട്ട നഗര വികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആറ്റിങ്ങൽ നഗരസഭ രൂപീകരിച്ചിട്ട് 100 വർഷം തികയുകയാണ്. 100 വർഷം തികയുന്ന നഗരസഭയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി പ്രിയപ്പെട്ട നമ്മുടെ

മുഖ്യമന്ത്രിയാണ് ഒരുവർഷം നീണ്ടുനിൽക്കുന്ന വിവിധ വികസന പദ്ധതികളുടെ ഉത്ഘാടനം നിർവ്വഹിച്ചത്. ഏഴാമത് പ്രാവശ്യവും ആറ്റിങ്ങൾ നഗരസഭ സംസ്ഥാനത്ത് ആകെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയായി ശുചിത്വനഗരമെന്ന ബഹുമതി നേടിക്കഴിഞ്ഞു. ഇങ്ങനെ മാതൃകയായി പ്രവർത്തിക്കുന്ന ഒരു ഖരമാലിന്യ സംസ്കരണ കേന്ദ്രം ആറ്റിങ്ങലിൽ പ്രവർത്തിച്ചുവരികയാണ്. കാനഡ, യുഎസ്.എ., നൈജീരിയ തുടങ്ങിയ വിദേശരാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾപോലും ഈ ഖരമാലിന്യ പ്ലാന്റ് സന്ദർശിക്കുകയും അവിടെ നടക്കുന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് മനസ്സിലാക്കുകയും ചെയ്തുകഴിഞ്ഞു. മൂന്നുതരത്തിലുള്ള സംസ്ക്കരണം നടക്കുന്ന ഏക ഖരമാലിന്യ പ്ലാന്റാണ് ആറ്റിങ്ങൽ നഗരസഭയ്ക്കുള്ളത്. ജൈവവളം, മണ്ണിര കമ്പോസ്റ്റ്, ബയോഗ്യാസ് തുടങ്ങിയ മൂന്ന് സിസ്റ്റത്തിലുള്ള സംസ്കരണവും നടക്കുന്ന, സംസ്ഥാനത്തിന് മാതൃകയായിട്ടുള്ള ഒരു ഖരമാലിന്യപ്ലാന്റാണ് ആറ്റിങ്ങൽ നഗരസഭയിൽ പ്രവർത്തിച്ചുവരുന്നത്. അതുപോലെതന്നെ വളരെ ശ്രദ്ധയോടുകൂടി പ്രവർത്തനം നടത്തുന്ന ഖരമാലിന്യ പ്ലാന്റ് നേരത്തെ നഗരവികസനത്തിന്റെ ചുമതലയുണ്ടായിരുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സന്ദർശിക്കുകയും ഖരമാലിന്യ പ്ലാന്റുമായി ബന്ധപ്പെട്ട് പ്ലാന്റ് വികസനത്തിനുവേണ്ടിയിട്ടുള്ള അടിയന്തരസഹായം നൽകാമെന്നും ഖരമാലിന്യ പ്ലാന്റ് കൂടുതൽ ശക്തിപ്പെടുത്തി റിസർച്ച് ചെയ്യുന്നതിനും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വന്ന് പഠിക്കുവാനും മനസ്സിലാക്കുവാനുമുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടാക്കി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും പറഞ്ഞിരുന്നു. 100 വർഷം പൂർത്തിയാക്കുന്ന ഈ നഗരസഭയുടെ

അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് പൊതുമരാമത്ത്, നഗരകാര്യ വകുപ്പ് തുടങ്ങിയ വിവിധവകുപ്പുകൾ അടിയന്തര സഹായം നൽകാമെന്നും പറഞ്ഞിരുന്നു. ഇതുമായി ബന്ധപ്പെട്ട് മലയാള മനോരമ പത്രം അവിടെ ഒരു വികസന സെമിനാർ സംഘടിപ്പിച്ചിരുന്നു. ആ വികസന സെമിനാറിൽ ബഹുമാനപ്പെട്ട നഗരകാര്യ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി തുടങ്ങിയവരൊക്കെ പങ്കെടുത്തിരുന്നു. അതനുസരിച്ച് ഈ നഗരസഭയ്ക്ക് അടിയന്തരസഹായം ഗവൺമെന്റിൽ നിന്നുമുണ്ടാകുമെന്ന് പറഞ്ഞിരുന്നു. നെടുമങ്ങാട്, നെയ്യാറ്റിൻകര തുടങ്ങിയ നഗരസഭയ്ക്കൊക്കെ വലിയ സഹായം ഇതിനകം പ്രഖ്യാപിച്ചുകഴിഞ്ഞു. അതുകൊണ്ട് ഇങ്ങനെ മാതൃകയായി പ്രവർത്തിക്കുന്ന ഈ നഗരസഭയ്ക്ക് ഗവൺമെന്റിന്റെ അടിയന്തര സഹായം ഉണ്ടാകാനും ഖരമാലിന്യ പ്ലാന്റിനെ ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദവിയിൽ ഉയർത്തി ആ സ്ഥാപനം വികസിപ്പിക്കുന്നതിനുമുള്ള ധനസഹായം പ്രഖ്യാപിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ആറ്റിങ്ങൽ നഗരത്തിലെ ഗതാഗതക്കുരുക്ക് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നഗരസഭ റോഡുവികസന ത്തിനായുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ നഗരകാര്യ വകുപ്പിന് സമർപ്പിച്ചി ട്ടില്ല. സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിക്കാം. പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും ഇതുവരെ ഡി.പി.ആർ. (ഡിപ്പാർട്ടുമെന്റൽ പെർഫോർമൻസ് റിപ്പോർട്ട്) തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ശുചിത്വമേഖലയിൽ പണിയെടുക്കുന്ന

വർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അതാത് നഗരസഭകൾതന്നെ നൽകണമെന്നതിനാൽ ആറ്റിങ്ങൽ നഗരസഭയെ മാത്രം പ്രസ്തുത ബാധ്യത യിൽ നിന്ന് ഒഴിവാക്കാൻ സാധിക്കുകയില്ല. അവിടെ ചവർ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനും പ്ലാന്റ് നവീകരിച്ച് കുറ്റമറ്റതാക്കുന്നതിനുമായി വിവിധ ഏജൻസികൾ മുഖേന സർക്കാർ 2,52,70,000 രൂപയോളം നൽകിയ തിന്റെ ഫലമായി നഗരസഭ പ്രസ്തുത പണികൾ ഏറ്റെടുത്ത് നടത്തി പ്ലാന്റ് സ്തുത്യർഹമായി പരിപാലിച്ചുവരുന്നുണ്ട്. അത് സംസ്ഥാനത്തെ ഒരു മാതൃകാപ്ലാന്റായി വരുന്നുണ്ട്. പ്രസ്തുത പ്ലാന്റ് മോഡണൈസ് ചെയ്യുന്ന തിനോ അഡീഷണലായി എന്തെങ്കിലും കൺസ്ട്രക്ട് ചെയ്യുന്നതിനോ സാമ്പത്തിക സഹായം വേണമെന്നുണ്ടെങ്കിൽ അത് ചോദിക്കുന്ന മുറയ്ക്ക് പരിഗണിക്കാം.

(3) <u>കാർഷിക വികസന അതോറിറ്റി രൂപീകരണം</u>

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ആലപ്പുഴ ജില്ലയിൽ വേമ്പനാട് കായലിനും അറബിക്കടലിനുമിടയിൽ സ്ഥിതിചെയ്യുന്ന ചൊരിമണൽ കൊണ്ടുനിറഞ്ഞ ഭൂപ്രദേശത്തെ പൊതുവിൽ കരപ്പുറമെന്നാണ് വിളിക്കുന്നത്. കാർഷികപ്പെരുമയ്ക്ക് വളരെ പേരുകേട്ട ഈ സ്ഥലത്തിന് പ്രത്യേകമായി ഒരു കാർഷിക വികസന ഏജൻസി വേണമെന്നതാണ് എന്റെ സബ്മിഷൻ. അധ്വാനം വളരെ ചെലവഴിച്ചാൽ ജൈവാംശവും ജലസംഭരണ ശേഷിയും വളരെ കുറവുള്ള ഈ പ്രദേശത്ത് നല്ലവണ്ണം കാർഷികവൃത്തിയിലേർ പ്പെടാനും കാർഷികോത്പാദനം നടത്താനും കഴിയും. മറ്റെല്ലാ പ്രദേശങ്ങ ളിൽനിന്നും വ്യത്യസ്ഥമായ ഭൂപ്രകൃതിയും മണ്ണിന്റെ ഘടനയുമുള്ള ഈ സ്ഥലത്ത് നാളികേരം, പച്ചക്കറികൾ, ഇടവിളകൾ എന്നിവയെല്ലാംതന്നെ

നന്നായി ഉൽപ്പാദിപ്പിക്കാൻ കഴിയും. ഏറ്റവും കൂടുതൽ ഓയിൽ കണ്ടന്റുള്ള നാളികേരോൽപ്പാദനം നടക്കുന്നത് ഇവിടെയായിരുന്നു. നല്ല സ്വാദിഷ്ഠമായ കള്ള് ഉൽപ്പാദിപ്പിക്കുന്നതും ഈ സ്ഥലത്തായിരുന്നു. ഇവിടത്തെ സ്വാദിഷ്ഠ മായ പച്ചക്കറി രാജകൊട്ടാരം വരെ കടന്നുചെന്നിരുന്നു. പരമ്പരാഗതമായി കൃഷിയിലേർപ്പെട്ടിരുന്നവരുടെ പ്രധാനപ്പെട്ട ഒരു കേന്ദ്രമായിരുന്നു ഇവിടം. എന്നാൽ നാളികേര കർഷകർ ഏറ്റവും വലിയ തകർച്ച നേരിടുന്നത് ഈ പ്രദേശത്താണ്. 25 വർഷങ്ങൾക്കുമുമ്പുതന്നെ നാളികേര കൃഷിയിൽ വൻതകർച്ച അനുഭവപ്പെട്ടിരുന്നു, ഇപ്പോഴും അതിൽ നിന്നൊരു മോചനവു മുണ്ടായിട്ടില്ല. പച്ചക്കറികൃഷിക്കാരുടെയും സ്ഥിതി വ്യത്യസ്ഥമല്ല. കരപ്പുറത്തെ നെൽകൃഷി ഇതുപോലെതന്നെ പേരുകേട്ട ഒന്നായിരുന്നു. പരമ്പരാഗത നെൽകൃഷിയായ വിരുപ്പും, മുണ്ടകനും ഏറ്റവും നന്നായി ഉൽപ്പാദിപ്പിച്ചിരുന്നതും ഇവിടെനിന്നാണ്. എന്നാൽ ഇപ്പോൾ നാളികേര കൃഷി തകർന്നതുപോലെതന്നെ നെൽകൃഷിയും തകർന്നു, നെൽപ്പാടങ്ങ ളെല്ലാം തരിശായി കിടക്കുകയാണ്. ഈ സ്ഥിതിയിൽനിന്ന് ഈ പ്രദേശത്തെ കൃഷിക്കാരെ രക്ഷപ്പെടുത്താനും, കാർഷികോൽപ്പാദന രംഗത്ത് ഗണ്യമായ പുരോഗതി കൈവരിക്കാനും നാളികേര കൃഷിക്കാരെയും നെൽകൃഷി ക്കാരെയും പച്ചക്കറികൃഷിക്കാരെയും പൊതുവിൽ രക്ഷിക്കാനും കഴിയുംവിധം ഒരു ഏജൻസി ഈ രംഗത്ത് പ്രത്യേകമായി വേണമെന്നതാണ് എന്റെ സബ്മിഷൻ. കരപ്പുറത്തിന് പ്രത്യേകമായി ഒരു കാർഷിക വികസന ഏജൻസി കൊണ്ടുവരാൻ കഴിയുമെങ്കിൽ അത് തീർച്ചയായും ഈ പ്രദേശത്തുള്ള കൃഷിക്കാർക്ക് വളരെയേറെ പ്രയോജനം ചെയ്യും. അതിന് അനുമതിയുണ്ടാകണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ചേർത്തല താലൂക്കിലെ കരപ്പുറം പ്രദേശത്തെ ശാസ്ത്രീയമായി തിട്ടപ്പെടുത്തിയാൽ ആ പ്രദേശത്തിന്റെ പുരോഗതിക്കും സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്കും മുതൽക്കൂട്ടാവുമെന്നതിൽ അഭിപ്രായ വ്യത്യാസമില്ല. കേരളമൊട്ടാകെ ഈ വർഷം അനുഭവപ്പെടുന്ന അതിരൂക്ഷമായ വരൾച്ച എല്ലാ ദീർഘകാല-ഹ്രസ്വകാല വിളകളുടെയും കൃഷിയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. സംസ്ഥാനത്ത് ജലദൗർലഭ്യം വളരെയധികം അനുഭവപ്പെടുന്നു. എന്നാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകിച്ച് ഒരു പ്രദേശത്തേക്കുമാത്രം ഒരു കാർഷിക വികസന അതോറിറ്റിക്ക് രൂപം നൽകുകയെന്നത് അപ്രായോഗികമാണ്. കരപ്പുറത്തിന്റെ കാർഷിക വളർച്ച ലക്ഷ്യമിട്ട് ഒരു വികസന ഏജൻസിയോ അതോറിറ്റിയോ രൂപീകരിക്കണമെന്ന ആവശ്യമുന്നയിച്ച് ഇതുവരെ ഒരു നിവേദനവും ലഭിച്ചിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട പി. തിലോത്തമൻ എം.എൽ.എ. ഇവിടെ ഉന്നയിച്ച ഈ ആവശ്യം ഗൗരവത്തോടുകൂടി കണക്കിലെടുത്തുകൊണ്ട് ഇക്കാര്യം വളരെ ഗൗരവപൂർവ്വം പരിഗണിച്ച് എന്തുചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ട്, എന്തായാലും ഇത് വളരെയധികം ആവശ്യമുള്ളതാണ് എന്ന് സർക്കാർ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ, ഈ കാര്യം പരിഗണനയിലെടുക്കുന്നതാണ്.

(4) **പെൻഷൻ ആനുകൂല്യങ്ങൾ**

ശ്രീ. എം. പി. വിൻസെന്റ്: സർ, ഞാൻ വളരെ ഗൗരവമുള്ള ഒരു വിഷയമാണ് സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. നമുക്കറിയാം,

വിദ്യാർത്ഥികൾക്ക് പഠനത്തിനും ഗവേഷണത്തിനും പുതിയ രീതിയിലുള്ള കണ്ടുപിടുത്തങ്ങൾ നടത്താനും ഏറ്റവും നൂതനമായ രീതിയിൽ പഠിക്കാനും അതിനുവേണ്ട എല്ലാ കാര്യങ്ങളുമുള്ളത് സർവ്വകലാശാലകളിലാണ്. ഏറ്റവും ഗൗരവമായി എനിക്ക് പറയാനുള്ളത് കാർഷിക സർവ്വകലാശാലയെക്കുറിച്ചാണ്. ഞാൻ കാർഷിക സർവ്വകലാശാലയിലെ എക്സിക്യൂട്ടീവ് അംഗം കൂടിയാണ്. കാർഷിക സർവ്വകലാശാലയിൽ കൃഷിക്കാർക്കുവേണ്ടി കൂടുതൽ കണ്ടുപിടിത്തങ്ങളുണ്ടാകുന്നു, പുതിയ ശൈലിയിലുള്ള ഗവേഷണങ്ങളുണ്ടാകുന്നു. ക്ലൈമറ്റ് ചെയ്ഞ്ചുമായി ബന്ധപ്പെട്ട് ലോകത്തുതന്നെ കൃഷിയെ വളരെയധികം ബാധിക്കുന്ന രീതിയിലുള്ള അനുഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതിനെല്ലാം സഹായകമായ നിലപാട് സ്വീകരിച്ച അവിടെ നിന്നും വിരമിച്ച ഒരുപിടി തൊഴിലാളികൾക്ക് പെൻഷൻപോലും നൽകാൻ കഴിയാത്ത ഒരു ഗതികേട് വന്നിരിക്കുകയാണ്. സാമ്പത്തികമായി വളരെ തകർന്ന ഒരു അവസ്ഥ യൂണിവേഴ്സിറ്റിക്ക് വന്നിരിക്കുന്നു. കൃഷി വകുപ്പുമന്ത്രി വളരെയധികം ശ്രദ്ധിക്കുന്നുണ്ട് എങ്കിൽത്തന്നെയും ഇത് അവിടം കൊണ്ടുമാത്രം നിൽക്കാവുന്ന ഒരു കാര്യമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ആ സർവ്വകലാശാലയുടെ സാമ്പത്തിക സ്ഥിതിയുടെ ഗുരുതരമായ അവസ്ഥ കണക്കിലെടുത്തുകൊണ്ട്..........., അവിടെ പെൻഷൻ പറ്റിയ ആയിരക്കണക്കിനുവരുന്ന ജീവനക്കാർ വളരെയധികം ഗതികേടിലാണ്. കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകാൻ ഫണ്ടില്ലാതെ സർവ്വകലാശാല ബുദ്ധിമുട്ടുകയാണ്. ഏതാണ്ട് 218.67 കോടി രൂപയുടെ ഡെഫിസിറ്റ് അവിടെയുണ്ട്. പി.എഫ്., പെൻഷൻ ബാധ്യത, ശമ്പള പരിഷ്ക്കരണ കുടിശ്ശിക, യു.ജി.സി. കുടിശ്ശിക, ലീവ്

സാലറി തുടങ്ങി നിരവധി ഇനങ്ങളിലുള്ള സാമ്പത്തിക ബാധ്യതകളിൽനിന്നും സർവ്വകലാശാലയെ കരകയറ്റാൻ സർക്കാർ അടിയന്തരമായി ഇടപെടുകയും സർവ്വകലാശാലാ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. മുഖ്യമന്ത്രി ഉൾപ്പെടെ ഈ കാര്യം ശ്രദ്ധിച്ച് ഇതിനുവേണ്ട രീതിയിൽ പരിഹാരമുണ്ടാക്കി യില്ലെങ്കിൽ........., ഇന്ന് കാർഷിക രംഗത്തിന് ഏറ്റവും കൂടുതൽ ആനുകൂല്യ ങ്ങൾ പ്രഖ്യാപിച്ച ബഡ്ജറ്റാണ് ബഹുമാന്യനായ മന്ത്രി നമുക്ക് നൽകിയത്. പുതിയ പ്രശ്നങ്ങളും പുതിയ രോഗങ്ങളുമായി കാർഷികമേഖല വളരെ കഷ്ടത്തിലാണ്. അവിടെ ജോലി ചെയ്യുന്ന ആളുകൾക്ക് ശമ്പളംപോലും കൊടുക്കാൻ കഴിയാത്ത അവസ്ഥയിലേക്കുപോകുമ്പോൾ അതിന് അടിയന്തര പ്രാധാന്യത്തോടെ ബഹുമാന്യനായ മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഇടപെട്ട് പുതിയ നിർദ്ദേശങ്ങൾ ക്യാബിനറ്റിൽ വയ്ക്കണമെ ന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കാർഷിക സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് അംഗം കൂടിയായ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. പി. വിൻസെന്റ് ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. മുമ്പ് മൃഗസംരക്ഷണവും ഫിഷറീസ് വകുപ്പും കാർഷിക സർവ്വകലാശാലയുടെ കീഴിലായിരുന്നു. ഇന്ന് അത് മൂന്നായി ഭാഗിച്ചിരിക്കുകയാണ്. കാർഷിക സർവ്വകലാശാലയിൽ കൃഷിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാത്രമാണ് ഇപ്പോൾ കൈകാര്യം ചെയ്യുന്നത്. വെറ്ററിനറി യൂണിവേഴ്സിറ്റിയും ഫിഷറീസും വെവ്വേറെയായിരിക്കുകയാണ്. പക്ഷെ ഇതിന്റെയെല്ലാം

പെൻഷൻ ബാധ്യത കാർഷിക സർവ്വകലാശാലയ്ക്കാണ്. ഈ ബാധ്യത തീർക്കാൻവേണ്ടി മാത്രം 58 കോടിയിലധികം രൂപ ആവശ്യമായി വന്നിരിക്കുകയാണ്. നോൺ-ടീച്ചിംഗ് സ്റ്റാഫിന് 21 കോടി രൂപയും ലേബറേഴ്സിന് 15 കോടി രൂപയും ടീച്ചിംഗ് സ്റ്റാഫിന് 22 കോടി രൂപയുമടക്കം 58.83 കോടി രൂപയുടെ ബാധ്യതയാണുള്ളത്. പെൻഷൻ ആനുകൂല്യങ്ങൾക്കും ബാധ്യതകൾക്കുമായി ഫണ്ട് അനുവദിക്കുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമടക്കം വളരെ ഗൗരവത്തോടുകൂടി ചർച്ച ചെയ്തിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(5) ആലപ്പുഴ ജില്ലാ സർക്യൂട്ട് ടൂറിസം പ്രോജക്ടിന് ആവശ്യമായ സ്ഥലം

ശ്രീ. എ. എം. ആരിഫ്: സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ടൂറിസം വകുപ്പിന്റെ കൂടി ചുമതല വഹിച്ചിരുന്ന സന്ദർഭത്തിലാണ് ആലപ്പുഴ ജില്ലാ സർക്യൂട്ട് ടൂറിസം പദ്ധതിക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. ജില്ലയിലെ എം.എൽ.എ.-മാരെയും എം.പി.-യെയുമെല്ലാം വിളിച്ചുചേർത്താണ് അന്ന് ആ പദ്ധതിക്ക് രൂപം നൽകിയത്. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട രാഷ്ട്രപതി ശ്രീമതി പ്രതിഭാ സിംഗ് പാട്ടീൽ ഇവിടെ വന്ന സന്ദർഭത്തിൽ ആ പദ്ധതി വീണ്ടും പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഏജൻസികളെക്കൊണ്ട് പദ്ധതിക്കുള്ള പ്രോജക്ട് സമർപ്പിക്കുകയും ചെയ്തു. ആ പ്രോജക്ടിലെ രണ്ടുമൂന്ന് കംപോണന്റുകൾ, അരൂക്കുറ്റിയിൽ ഹൗസ്ബോട്ട് ടെർമിനൽ, അതുപോലെ

തഴുപ്പ്, കാക്കത്തുരുത്ത് തുടങ്ങിയ മേഖലകളിലെല്ലാം....., അരൂർ മണ്ഡലവുമായി ബന്ധപ്പെട്ട മൂന്ന് നാല് സ്ഥലങ്ങൾ പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളായി തെരഞ്ഞെടുത്തിരുന്നു. പക്ഷെ ആ സ്ഥലങ്ങളെല്ലാംതന്നെ വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലാണ്. അരൂക്കുറ്റിയിലെ ബോട്ട് ടെർമിനൽ നടപ്പാക്കേണ്ട സ്ഥലം എക്സൈസ്, ഹെൽത്ത് എന്നീ ഡിപ്പാർട്ടുമെന്റുകളുടെ അധീനതയിലാണ്. അതുപോലെ തഴുപ്പിലെ പ്രോജക്ട് നടപ്പാക്കേണ്ട സ്ഥലം ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലാണ്. ആലപ്പുഴ ജില്ലയിലെ ഈ സർക്യൂട്ട് ടൂറിസം പ്രോജക്ടിന്റെ ഭാഗമായി വരുന്ന മറ്റ് എല്ലാ സ്ഥലങ്ങളും ഇതുപോലെ വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലാണ്. ഈ പദ്ധതി നടപ്പാക്കണമെന്നുണ്ടെങ്കിൽ ഈ വകുപ്പുകളെല്ലാം കൈവശം വച്ചിരിക്കുന്ന ഭൂമി ടൂറിസം വകുപ്പിന് വിട്ടുതരികയോ അല്ലെങ്കിൽ കുറഞ്ഞപക്ഷം പെർമിസീവ് സാങ്ഷനെങ്കിലും നേടിയെടുക്കുകയോ ചെയ്യണം. ഞാൻ പലതവണ ബഹുമാനപ്പെട്ട മന്ത്രിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഇതുസംബന്ധിച്ച് യോഗം വിളിച്ചുകൂട്ടണമെന്ന് പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരെല്ലാം ആലോചിക്കട്ടെ എന്നുള്ള മറുപടിയാണ് ലഭിച്ചത്. ഒരു വകുപ്പും സ്വമേധയാ ഭൂമി വിട്ടുതരികയില്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. പ്രോജക്ടുകളില്ലെങ്കിൽപ്പോലും ഞങ്ങൾക്ക് ആവശ്യമുണ്ടെന്ന് പറഞ്ഞുകൊണ്ടിരിക്കും. ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാഥമികമായ പശ്ചാത്തല സൗകര്യം, ഭൂമി കൈവശം ഉണ്ടാകുക എന്നുള്ളതാണ്. എപ്പോഴെങ്കിലും പണം അനുവദിച്ചുവരുന്ന സന്ദർഭത്തിൽ യോഗം നടത്താമെന്നുവിചാരിച്ചാൽ വീണ്ടും കാലതാമസമുണ്ടാകും. ഓരോ പ്രോജക്ടുകളും താമസിക്കുന്നത് ഇത്തരത്തിലുള്ള കാരണങ്ങളാലാണ്. അതുകൊണ്ട് ആദ്യം ഭൂമി സ്വന്തമായി ഉണ്ടാകുക എന്നുള്ളതാണ് പരമ

പ്രധാനം. ഇതുകണക്കിലെടുത്ത് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും ഒരു യോഗം ഈ സെഷൻ തീരുന്നതിനകം, ഏപ്രിൽ 1 മുതൽ 10 വരെ നടക്കുന്ന സെഷനുള്ളിൽ, വിളിച്ചുചേർത്ത് ഇതുസംബന്ധിച്ച് ഒരു തീരുമാനം എടുക്കണമെന്നാണ് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി യോട് അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, കേരളത്തിന്റെ വിനോദ സഞ്ചാര ഭൂപടത്തിൽ ആലപ്പുഴ ജില്ലയ്ക്ക് സുപ്രധാനമായ സ്ഥാനമാണുള്ള ത്. വിനോദ സഞ്ചാര രംഗത്ത് ആലപ്പുഴ ജില്ലയ്ക്കുള്ള പ്രാധാന്യം കണക്കി ലെടുത്തുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ആലപ്പുഴ മെഗാടൂറിസം പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചത്. അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി ഹൗസ് ബോട്ട് ടെർമിനൽ കുത്തിയതോട് പഞ്ചായത്തിലെ തഴുപ്പ്, എഴുകുന്ന് പഞ്ചായത്തിലെ കാക്ക തുരുത്ത് ദ്വീപ് എന്നീ പദ്ധതികൾ ഉൾപ്പെട്ട 72 കോടി രൂപയുടെ ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീ കാരം നൽകിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ഉത്ത രവ് ഇതുവരെ ലഭിച്ചിട്ടില്ല. മാത്രവുമല്ല നമുക്കാവശ്യമായ പണവും ലഭ്യമായി ട്ടില്ല. സംസ്ഥാന ടൂറിസം സെക്രട്ടറി ഇതുമായി ബന്ധപ്പെട്ട് ഇന്നും ഡൽഹി യിലാണ്. മാർച്ച് 31 നകം ഇതുമായി ബന്ധപ്പെട്ട ഫസ്റ്റ് ഫെയ്സിനുള്ള പണം കേന്ദ്ര ഗവൺമെന്റ് റിലീസ് ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാന പ്പെട്ട എം.എൽ.എ. ശ്രീ. എ. എം. ആരിഫ് എന്നോട് പലവട്ടം ഈ പദ്ധതി നട

പ്പാക്കുന്നതിന്റെ സ്ഥലലഭ്യതയെക്കുറിച്ച് പറഞ്ഞിട്ടുള്ളതാണ്. ചില കാരണങ്ങൾകൊണ്ട് നമുക്കത് പൂർണ്ണമായി നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട എ. എം. ആരിഫ് എം.എൽ.എ. പറഞ്ഞ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതി എക്സൈസ്, ആരോഗ്യം, ഇറിഗേഷൻ തുടങ്ങിയ വകുപ്പുകളിലാണ് നടപ്പാക്കേണ്ടത്. കേന്ദ്ര ഗവൺമെന്റ് പണം റിലീസ് ചെയ്യുന്നതോടൊപ്പം തന്നെ എക്സൈസ്, ആരോഗ്യം, ഇറിഗേഷൻ എന്നീ വകുപ്പുമന്ത്രിമാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി ഇതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(6) ടെൻഡറുകളിൽ അടിയന്തര തീരുമാനമെടുക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. എം. ഷാജി: സർ, അഴീക്കൽ തുറമുഖ വികസനവുമായി ബന്ധപ്പെട്ട എബിജി ഗ്രൂപ്പ് സിമന്റ് ടെർമിനൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടതാണ് വിഷയം. അഴീക്കൽ തുറമുഖ വികസനത്തിനായി നിരവധി ടെൻഡറുകൾ ക്ഷണിച്ചിരുന്നു. ഇതിൽ എബിജി. സിമന്റ്സ് എന്ന കമ്പനി സിമന്റ് ടെർമിനൽ ആരംഭിക്കുന്നതിനായി ടെൻഡറിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ഇവരുടെ ടെൻഡർ പോർട്ട് ഡയറക്ടർ അംഗീകരിച്ച് സ്വീകരിച്ചതുമാണ്. എന്നാൽ നാളിതുവരെ ഇതിൽ ഒരു തീരുമാനവും ഉണ്ടായിട്ടില്ല. ഈ വിഷയത്തിലുള്ള കാലതാമസം കാരണം എബിജി സിമന്റ്സ് എന്ന കമ്പനി അവരുടെ ടെർമിനൽ മംഗലാപുരത്തേക്ക് മാറ്റാനുള്ള ശ്രമത്തിലാണെന്ന് അറിയുന്നു. ടെൻഡറുകളിൽ തീരുമാനം ഉണ്ടാകാത്തതുമൂലമുള്ള കാലതാമസം തുറമുഖ വികസനത്തെ കാര്യമായി ബാധിക്കുമെന്നുള്ളതുകൊണ്ടും സമയബന്ധിതമായി സർക്കാർ തീരുമാനം ഉണ്ടാക്കാത്തതുകൊണ്ടും ടെൻഡറിൽ പങ്കെടുത്ത കമ്പനികൾ മറ്റു തുറമുഖങ്ങളിലേക്ക് മാറുന്ന സ്ഥിതിയാണ് ഇപ്പോൾ ഉള്ളത്. അഴീക്കൽ തുറമുഖവുമായി ബന്ധ

പ്പെട്ട് ക്ഷണിച്ചിട്ടുള്ള ടെൻഡറുകളിൽ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ബാബു): സർ, പുതുക്കിയ ആർ.എഫ്.പി. അനുസരിച്ചുള്ള ആഗോള ടെൻഡർ 13-02-2012-ൽ ക്ഷണിക്കുകയും 15-05-2012 ൽ തുറക്കുകയും ചെയ്തു. മുംബൈ ആസ്ഥാനമായുള്ള എബിജി സിമന്റ്സിന്റെ ടെൻഡർ സമർപ്പിച്ചിരുന്നു. എന്നാൽ ഈ കമ്പനി അന്ന് EMD യഥാസമയം നൽകിയിരുന്നില്ല. കൂടാതെ 30 വർഷത്തേക്കുള്ള റവന്യൂ ഷെയറും കുറവായിരുന്നു. 6.1 കോടി രൂപയായിരുന്നു അന്നത്തെ അവരുടെ ഓഫർ അതിനാൽ ഈ പ്രൊപ്പോസൽ അംഗീകരിച്ചില്ല. റീടെൻഡർ ചെയ്യാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എമർജിംഗ് കേരളയിൽ വന്ന പദ്ധതി പ്രൊപ്പോസലുകളും ഉൾപ്പെടുത്തി 05–11–2012– ൽ അഴീക്കൽ തുറമുഖ വികസന റീടെൻഡർ നോട്ടീസ് പ്രസിദ്ധീകരിക്കുകയും 04–01–2013– ൽ ടെൻഡർ തുറക്കുകയും ചെയ്തു. മോഡ്യൂളുകളായിട്ടാണ് ടെൻഡർ ക്ഷണിച്ചത്. വിവിധോദ്ദേശ പർപ്പസ് ടെർമിനൽ, സിമന്റ് ടെർമിനൽ, ഷിപ്പ് ബിൽഡിംഗ് ആന്റ് റിപ്പയർ ടെർമിനൽ, ഗ്യാസ് ടെർമിനൽ അങ്ങനെ നാല് മോഡ്യൂളുകളായാണ് ടെൻഡർ ക്ഷണിച്ചിരുന്നത്. ഇതിൽ എബിജി സിമന്റ്സ് മാത്രമാണ് പങ്കെടുത്തത്. എബിജി സിമന്റ്സ് സമർപ്പിച്ച ബിഡ് അനുസരിച്ച് 30 വർഷത്തേക്കുള്ള മൊത്തം റവന്യൂ വിഹിതം 52.92 കോടി രൂപയാണ്. ഈ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ 15 ഏക്കർ സ്ഥലം

സിമന്റ് ടെർമിനലിന് പാട്ടത്തിന് നൽകുന്നതിനുള്ള ലീസ് എഗ്രിമെന്റും കൺസ്ട്രക്ഷൻ എഗ്രിമെന്റും ഒപ്പുവക്കുന്നതാണ് അടുത്ത നടപടി. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി സിമന്റ് ടെർമിനൽ ആരംഭിക്കുന്നതിനുള്ള തീരുമാനം ഉടനെ കൈക്കൊള്ളുന്നതാണ്. ശ്രീ. കെ. എം. ഷാജി, എം. എൽ.എ ചൂണ്ടികാണിച്ചപോലെ ഈ ഫയലിൽ കുറച്ച് കാലതാമസമുണ്ടായി ട്ടുണ്ട്. അത് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ പരിശോധന പൂർത്തിയാക്കാൻ വേണ്ടിയാണ്. ഏതായാലും ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ഉടനെ പരിശോധന പൂർത്തിയാക്കി നിർദ്ദേശം അംഗീകരിച്ചുതരും എന്ന് പ്രതീക്ഷിക്കുന്നു. ഒട്ടും കാലതാമസമില്ലാതെ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

## (7) കണ്ണൂർ വിമാനത്താവള പദ്ധതി

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, മലബാറിലെ ഒരു സ്വപ്ന പദ്ധതി യാണ് കണ്ണൂർ വിമാനത്താവളം. ഈ ഗവൺമെന്റിന്റെ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമുകളിലൊന്നാണ്. 2015-ഓടുകൂടി അത് പൂർത്തിയാകുമെന്നാണ് നമ്മൾ പ്രഖ്യാപിച്ചത്. പക്ഷെ ഇന്നത്തെ പ്രവർത്തനം കാണുമ്പോൾ ഗവൺമെന്റും വകുപ്പുമന്ത്രിയും കുറെ കാര്യങ്ങൾ ആത്മാർത്ഥമായി ചെയ്യു ന്നുണ്ടെങ്കിലും പ്രവർത്തനങ്ങൾക്ക് വേഗത പോരെന്ന ഫീലിംഗ് പൊതുവേ യുണ്ട്. ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ മൂന്നാമത്തെ ഘട്ടത്തിലേക്ക് കടന്നിരിക്കു കയാണ്. അതിന് 350 കോടി രൂപ വേണം. കളക്ടർ പറയുന്നത് 27 കോടി രൂപ മാത്രമേ കിട്ടിയിട്ടുള്ളൂ എന്നാണ്. ഫണ്ടിന്റെ ഒരു പരിമിതിയുണ്ട്. അതു പോലെ തന്നെ ഗ്രീൻഫീൽഡ് റോഡ് നമ്മൾ പ്രഖ്യാപിച്ചെങ്കിലും ഒരു സമവാ യമുണ്ടാക്കാൻ സാധിച്ചിട്ടില്ല. എയർപോർട്ടുപോലെ തന്നെ റോഡും വളരെ പ്രധാനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന

യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബുവും, ശ്രീ. കെ.സി. ജോസഫും ഉൾപ്പെടെയുള്ള മന്ത്രിമാരെല്ലാംകൂടി ധാരണയാക്കിയത് സാറ്റലൈറ്റ് സർവ്വേ നടത്തിയതിനുശേഷം അവിടത്തെ ആളുകളുടെ എതിർപ്പുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്താമെന്നാണ്. പക്ഷേ, ആ സർവ്വേ ഇതുവരെ നടന്നിട്ടില്ല. റവന്യൂ ഡിപ്പാർട്ടുമെന്റിൽ അന്വേഷിക്കുമ്പോൾ അവർ പറയുന്നത് അവർക്ക് സ്റ്റാഫില്ല, ആധുനിക സൗകര്യങ്ങളില്ല അങ്ങനെ ഒട്ടന വധി പ്രശ്നങ്ങളാണ്. കണ്ണൂർവിമാനത്താവള പദ്ധതി പ്രോജക്ടിന്റെ ഇന്നത്തെ അവസ്ഥയെന്താണ്? അതിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ അനുമ തിയും കിട്ടിയോ അത് എത്രയും പെട്ടന്ന് തുടങ്ങാൻ എന്ത് നടപടി സ്വീകരി ക്കണം. ഇക്കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ബാബു): സർ, കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ നിർമ്മിക്കു ന്നതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ടും മാസ്റ്റർപ്ലാനും തയ്യാറാ ക്കുന്നതിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ (സിയാൽ) നിയോഗിച്ചിരുന്നു. തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഇന്റഗ്രേറ്റഡ് പ്രോജക്ട് കൺസൾട്ടൻസിയായി AECOM-നെ നിയോഗിക്കുകയും എയർപോർട്ടിന്റെ പുതിയ മാസ്റ്റർ പ്ലാൻ അവർ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഇന്നലെ കൂടിയ എയർപോർട്ട് ഡയറക്ടർ ബോർഡ് യോഗം മാസ്റ്റർ പ്ലാൻ അംഗീകരിച്ചു. ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് കേന്ദ്ര ഏജൻസികളായ ഡി. ജി.സി.എ, AAI, BCAS, IMD തുടങ്ങിയവരുമായി ചർച്ച ചെയ്തിട്ടാണ്.. പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ അവസാന

ഘട്ടത്തിലാണ്. 2013 ഫെബ്രുവരി 18, 19 തീയതികളിൽ ന്യൂഡൽഹിയിൽ ചേർന്ന കേന്ദ്ര എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ 121-ാമത് മീറ്റിംഗ് പരിസ്ഥിതി ക്ലിയറൻസിനുള്ള ശുപാർശ പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. പരിസ്ഥിതി ക്ലിയറൻസ് ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ എൻ.ഒ.സി, 5 വർഷത്തേയ്ക്ക് നീട്ടിക്കിട്ടിയിട്ടുണ്ട്. പ്രതിരോധമന്ത്രാലയത്തിന് 10 ഏക്കർ സ്ഥലം നൽകുന്നതിനുള്ള നിബന്ധന സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് 10 ഏക്കർ ലീസ് വ്യവസ്ഥയിൽ നൽകുന്നതിന് തീരുമാനമായി. വിമാനത്താവള നിർമ്മാണ പ്രവർത്തനത്തിനായി യോഗ്യതയുള്ളവരുടെ അഭ്യർത്ഥനയ്ക്കായി ടെൻഡർ ക്ഷണിക്കുകയും എയർപോർട്ടിന്റെ എയർസൈഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ഇ.പി.സി. കോൺട്രാക്റ്റിന്റെ യോഗ്യതാ ഘട്ടത്തിനുവേണ്ടി ലഭിച്ച അപേക്ഷകൾ പരിശോധിച്ചു. ഇന്നലെ ചേർന്ന സിയാൽ ബോർഡ് 7 കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ചെയ്തു. അവ

Sanjos Gammon JV, Larsen and Toubro Limited, TAV-Essar EKO-Unity JV, OJSC Sibmost-Gayatri JV, GMR Infrastructre, ITD Cementation India Ltd. ഇവയാണ്. .വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ റോഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. Date of issue of RFP- 30-03-2013, Last date for receiving queries- 15-04-2013, Pre-Bid meeting-16-04-2013, Authority response to queries latest by –22-04-2013, Bid Due Date –15-05-2013, Opening of Technical Proposal Due Date –15-

05-2013, Opening of Financial Bids –20-05-2013 Letter of Award (LOA)- within 10 days of Bid due date, Signing of Contract Agreement issue of -Within 20 days of LOA. അങ്ങനെ ഒരു ധാരണയിൽ എത്തിയിരിക്കുകയാണ്.

ഗ്രീൻഫീൽഡ് റോഡിന്റെ സർവ്വേ സംബന്ധിച്ച് തർക്കമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണൂർ ജില്ലയിലെ ബന്ധപ്പെട്ട എല്ലാ എം.എൽ.എ. മാരുടെയും യോഗം വിളിച്ചുകൂട്ടി. അതിന്റെ അടിസ്ഥാനത്തിൽ 3 അലൈൻമെന്റ് പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. ആ പരിശോധന പൂർത്തിയായിട്ടില്ല എന്ന് ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി ചൂണ്ടിക്കാണിക്കുകയുണ്ടായി. റവന്യൂ ഡിപ്പാർട്ടുമെന്റിലെ സ്റ്റാഫിന്റെ കുറവ് ഈ കാര്യത്തെ ബാധിച്ചിട്ടുണ്ടാകും. ഏതായാലും ആ കാര്യം ഗൗരവമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

3–ാം ഘട്ട സ്ഥലമെടുപ്പ് സംബന്ധിച്ച് 785.46 ഏക്കറാണ് .അതിന്റെ പരിശോധനകൾ കളക്ടർ ഏതാണ്ട് പൂർത്തിയാക്കിക്കഴിഞ്ഞു. ഏകദേശം 350 കോടി രൂപ വേണം. ആ 350 കോടി രൂപ ഒന്നും രണ്ടും ഘട്ടത്തിൽ സ്ഥലമെടുത്തതുപോലെ തന്നെ ബാങ്ക് വായ്പ കിൻഫ്ര വഴി എടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിനുവേണ്ടി ബാങ്കുകളുമായുള്ള ചർച്ചകളും ഏറെക്കുറെ അവസാന ഘട്ടത്തിലാണ്. ഏതായാലും കണ്ണൂർ എയർപോർട്ട് തുടങ്ങാൻ 2-3 മാസം കൂടി മതി. കാരണം ഇതിന്റെ ആർ.എഫ്.പി ഫൈനലൈസ് ചെയ്യാൻ കമ്പനികൾ തന്നെ ആദ്യം 30 ദിവസമാണ് തീരുമാനിച്ചത്. അവർ കുറച്ചുകൂടി സമയം ആവശ്യപ്പെട്ടു. കുറച്ചുകൂടി പ്ലെയേഴ്സ് വരാൻ

വേണ്ടി കുറച്ച് കൂടി എക്സ്റ്റൻഷൻ കൊടുത്തു. ചില സാങ്കേതിക നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ കുറച്ച് കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിലും ഇത് ശരിയായ ദിശയിൽ തന്നെയാണ് മുന്നോട്ടുപോകുന്നത് ഏതാനും മാസങ്ങൾക്കുള്ളിൽ ഇതിന്റെ നടപടികളെല്ലാം പൂർത്തിയാക്കി എയർപോർട്ടിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ സാധിക്കും. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു വീഴ്ചയുമില്ലെന്നു മാത്രമല്ല ഏറ്റവും കൃത്യമായ പ്രവർത്തനങ്ങളും മോണിട്ടറിഗും ഇക്കാര്യത്തിൽ നടക്കുന്നുണ്ടെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(8) <u>പുരാവസ്തുവായി സംരക്ഷിക്കേണ്ടത് സംബന്ധിച്ച്</u>

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, ചരിത്രരേഖകളിൽ ഏഷ്യയിലെ തന്നെ ആദ്യത്തെ കോൺക്രീറ്റ് പാലത്തിന്റെ ശതാബ്ദി ആഘോഷിക്കുകയാണ്. മൂവാറ്റുപുഴ ആറിന് കുറുകെയുള്ള 100 വർഷം പഴക്കമുള്ളതുമായ കേരളത്തിലെ ആദ്യത്തെ കോൺക്രീറ്റ് പാലം, പൊതുമരാമത്ത് വകുപ്പിന്റെ പുരാവസ്തുവായി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. തിരുവിതാംകൂർ വാണിരുന്ന ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ നടയിൽനിന്നും തുടങ്ങി തിരുവിതാം കൂർ രാജ്യത്തിന്റെ അതിർത്തിയായ കറുകുറ്റി വരെയുള്ള മെയിൻ സെൻട്രൽ റോഡ് കടന്നുപോകുന്നതിന് മൂവാറ്റുപുഴയിൽ ഒരു പാലം ആവശ്യമായി വന്നു. ബ്രിട്ടീഷ് എഞ്ചിനീയറായിരുന്ന W.H. Emerald ആണ് ഇതിന്റെ രൂപരേഖ തയ്യാറാക്കിയത്. പാലത്തിന്റെ കാലുകൾ ഉറപ്പിക്കുന്നതിനായി

അടിത്തറ പര്യാപ്തമാണോ എന്നറിയുന്നതിനുവേണ്ടി റോക്ക് കോറുകൾ എടുത്ത് ഇംഗ്ലണ്ടിൽ അയച്ച് പരിശോധിച്ച് തമിഴ്നാട്ടിൽനിന്നും കല്ലന്മാരെ വരുത്തി പായിപ്രവരെ കല്ലുകൾ കൊത്തി ഹോളണ്ടിൽനിന്നും ഹൈമാർക്ക് സിമന്റ് വരുത്തി സിമന്റും മണലും കുമ്മായവും ചേർത്ത് പ്രത്യേകമായി തയ്യാറാക്കി ചാക്കിലിട്ട് ശർക്കര, കൽക്കണ്ടം, കുന്നിക്കുരു, ഞാറളത്തണ്ട് പിഴിഞ്ഞ ചാറ് എന്നിവ കൂട്ടിച്ചേർത്താണ് പാലം പണികഴിപ്പിച്ചിട്ടുള്ളത്. 1914-ൽ ഇതിന്റെ ഉദ്ഘാടനത്തിനായി മഹാരാജാവ് വള്ളംവഴി പിറവത്ത് വന്ന് പല്ലക്കിൽ മൂവാറ്റുപുഴയിൽ എത്തുകയാണുണ്ടായത്. ഈ പാലം ഏഷ്യയിലെ തന്നെ ആദ്യത്തെ കോൺക്രീറ്റ് പാലമെന്നാണ് അറിയപ്പെടുന്നത്. തെക്കേ ഇന്ത്യയിലെയും കേരളത്തിലെയും ആദ്യത്തെ കോൺക്രീറ്റ് പാലം ഇതാണെന്നുള്ള ധാരാളം രേഖകളുണ്ട്. ഇതിന്റെ ശതാബ്ദി ആഘോഷത്തിനുള്ള തയ്യാറെടുപ്പിലാണ് മൂവാറ്റുപുഴ നഗരവാസികൾ. ഈ പാലം ഇപ്പോഴും പരിമിതമായി ഗതാഗതയോഗ്യമാണ്. ഇതിന്റെ സുരക്ഷയെ സംബന്ധിച്ച് ചെറിയ ആശങ്കകളൊക്കെയുണ്ട്. ഈ പാലം ബലപ്പെടുത്തുക, അതിന്റെ തനിമ നിലനിറുത്തുക, ഇതിനെ പൊതുമരാമത്ത് വകുപ്പ് ഒരു പുരാവസ്തുമായി സംരക്ഷിക്കുക എന്നീ ആവശ്യങ്ങളാണ് എനിക്ക് അങ്ങയുടെ മുമ്പിൽ വയ്ക്കാനുള്ളത്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, മൂവാറ്റുപുഴ നഗരത്തിന്റെ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന മൂവാറ്റുപുഴ ആറിന് കുറുകെ നിർമ്മിച്ചിട്ടുള്ള മൂവാറ്റുപുഴ പഴയ പാലം നഗരത്തിന്റെ കിഴക്കും പടിഞ്ഞാറും ഭാഗത്തുള്ള പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് നഗരത്തിന്റെ പ്രൗഢിയായി സ്ഥിതി ചെയ്യുന്നു. ഇത് ഏഷ്യയിലെ തന്നെ ആദ്യത്തെ

കോൺക്രീറ്റ് പാലമാണ്. 1914–ൽ നിർമ്മിച്ച ഈ പാലത്തിന്റെ മൂന്ന് ആർച്ചുകൾ സെമി സസ്പെൻഷൻ ടെക്നോളജി പ്രകാരം രൂപകല്പന ചെയ്തിട്ടുള്ളതാണ്. ഇതിനായി ഉപയോഗിച്ച സിമന്റും കമ്പിയും ഇംഗ്ലണ്ടിൽനിന്നും ഇറക്കുമതി ചെയ്തിട്ടുള്ളതാണ്. 2014–ൽ ഈ പാലത്തിന് 100 വർഷം തികയുകയാണ്. എങ്കിൽ തന്നെയും ഇതിന്റെ സ്ട്രക്ചറിനും സ്റ്റെബിലിറ്റിക്കും യാതൊരു കോട്ടവുമില്ല. കാലപ്പഴക്കം കൊണ്ടുസംഭവിച്ചിട്ടുള്ള കേടുപാടുകൾ യഥാസമയം പരിഹരിക്കേണ്ടതുണ്ട്. പ്രസ്തുത പാലം പരിശോധിച്ചതിൽ നിന്നും പാലത്തിനായി ഉപയോഗിച്ചിട്ടുള്ള ഇരുമ്പുകമ്പികൾ ചില സ്ഥലത്ത് കോൺക്രീറ്റ് ഇളകിപ്പോയതിനുശേഷം പുറമെ കാണപ്പെടുന്നുണ്ട്. ആയതിനാൽ ഗ്രനേറ്റിംഗ് ജോലികൾ എത്രയുംവേഗം നടപ്പിലാക്കിയാൽ പാലത്തിന്റെ ആയുസ്സിന് കോട്ടം തട്ടുകയില്ല. പാലത്തിന്റെ പുനരുദ്ധാരണപ്രവൃത്തികൾക്ക് ഉദ്ദേശം 160 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുകയാണ്. പുനരുദ്ധാരണപ്രവർത്തനം നടത്തി പാലം പുരാവസ്തുവായി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(9) <u>ക്ഷേമപെൻഷൻ പദ്ധതികളുടെ ആനുകൂല്യങ്ങൾ</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പ്രവാസികൾക്കുവേണ്ടി നോർക്ക വഴി നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളുടെ ഗുണഫലം അർഹരായവർക്കു ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതോടൊപ്പം ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ അനിവാര്യത സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ പ്രധാനപങ്ക് വഹിക്കുന്നവരാണ് പ്രവാസികൾ. പ്രവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി നിരവധി പദ്ധതി

കൾ നമ്മുടെ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. എന്നാൽ ഈ പദ്ധതികൾ സംബന്ധിച്ച് വേണ്ടത്ര അവബോധം നമ്മുടെ പ്രവാസികൾക്കിടയിലില്ല. അതുകൊണ്ട് പ്രവാസിക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനുവരെ പ്രവാസികൾ വിമുഖത കാണിക്കുകയാണ്. സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഇത്തരം പദ്ധതികൾക്ക് വ്യാപകമായ പ്രചരണം പ്രവാസികൾക്കിടയിൽ നൽകുന്നതിനുവേണ്ടി സംവിധാനമുണ്ടാകേണ്ടതുണ്ട്. പ്രവാസിക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ ഇൻഷ്വറൻസ് ആനുകൂല്യം അപകടമരണങ്ങൾക്ക് മാത്രമാണ് ലഭിക്കുന്നത്. സ്വാഭാവിക മരണങ്ങൾക്കുകൂടി ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കണം. കുറഞ്ഞ നാളുകളുടെ അവധിക്ക് നാട്ടിൽവരുന്ന പ്രവാസികൾ അവരുടെയും കുടുംബാംഗങ്ങളുടേയുമൊക്കെ വിദൂരകാലത്തെ ജീവിതാവശ്യങ്ങൾക്കുവേണ്ടി പല സർക്കാർ ഓഫീസുകളേയും സമീപിക്കേണ്ടി വരുന്നുണ്ട്. എന്നാൽ സർക്കാർ ഓഫീസുകളിൽ പല കാര്യങ്ങൾക്കും ഉണ്ടാകാറുള്ള കാലതാമസം കാരണം പ്രവാസികൾക്ക് തങ്ങളുടെ അവധിക്കാലത്ത് കാര്യങ്ങൾ സാധിച്ച് തിരിച്ചുപോകാൻ കഴിയാത്ത സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. ഇതിന് പരിഹാരം എന്ന നിലയ്ക്ക് നോർക്കവഴി ഇപ്പോൾ നൽകിവരുന്ന ഐഡന്റിറ്റി കാർഡിനുപകരം പ്രിവിലേജ് കാർഡ് നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ഓഫീസുകളിലും ആശുപത്രികളിലും ഉൾപ്പെടെ ഈ പ്രിവിലേജ് കാർഡ് കൊണ്ട് മുൻഗണന ലഭിക്കുന്ന സംവിധാനത്തിന് സർക്കാർ രൂപം നൽകണം. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നതിനും അംശദായം അടയ്ക്കുന്നതിനും പെൻഷൻ നൽകുന്നതിനുമുള്ള പ്രായം, കാലയ

ളവ് എന്നിവ വ്യക്തമായി നിർവ്വചിക്കേണ്ടതുണ്ട്. 60 വയസ്സ് പൂർത്തിയായ വരും അഞ്ചുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളവരുമായ ഓരോ അംഗത്തിനും പെൻഷന് അർഹതയുണ്ടായിരിക്കേണ്ടതാണ്. ഏത് പ്രായത്തിൽ അംഗങ്ങളായാലും 60 വയസ്സ് പൂർത്തിയാകുന്നതുവരെ അംശ ദായം അടയ്ക്കണമെന്നും അല്ലാത്ത പക്ഷം പെൻഷന് അർഹതയില്ല എന്നുള്ള വ്യാഖ്യാനങ്ങൾ നിലനിൽക്കുന്നതിനാൽ യുവാക്കൾ ക്ഷേമനിധി യിൽ ചേരുന്നതിന് വിമുഖത കാണിക്കുകയാണ്. പ്രതിമാസം 300 രൂപ തോതിൽ ചുരുങ്ങിയത് 5 വർഷം അടച്ചാൽ 60 വയസ്സ് തികയുമ്പോൾ 1000 രൂപ പെൻഷൻ ലഭിക്കുന്നു എന്നത് ഈ പദ്ധതി പ്രവാസികളെ സംബന്ധിച്ചിട ത്തോളം ഏറെ ആശ്വാസകരം തന്നെയാണ്. എന്നാൽ അഞ്ചുവർഷം കഴിഞ്ഞ് അടവാക്കുന്ന ഓരോ വർഷത്തിനും പെൻഷൻ തുകയുടെ 100 ശതമാനം മാത്രം വർദ്ധനവും പരമാവധി പെൻഷൻ തുകയുടെ ഇരട്ടിയും മാത്രമാക്കി നിജപ്പെടുത്തിയതിലൂടെ ഭൂതകാലം അംശാദായം അടയ്ക്കുന്ന പ്രവാസിക്ക് സാമ്പത്തികനഷ്ടം ഉണ്ടാകാൻ ഇടയാക്കുന്നുണ്ട്. അതുകൊണ്ട് 3% വർദ്ധനവ് എന്നതിനുപകരം അംശദായം അടച്ചതിനു ആനുപാതികമായ സംഖ്യ പെൻഷൻ ലഭിക്കുന്ന രീതിയിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. പെൻഷൻ അർഹത നേടിയ അംഗം മരണമടഞ്ഞാൽ മാത്രമേ കുടുംബ പെൻഷന് അർഹതയുണ്ടാകൂ എന്നതിനാൽ അംഗമായിരിക്കെ മരണപ്പെടുന്ന കുടുംബങ്ങൾക്കും ഈ ആനുകൂല്യം ലഭ്യമാകാതെ വരുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണപ്പെടുന്നവരുടെ അംഗത്വത്തിന്റെ കാലാവധി നോക്കാതെ കുടുംബ പെൻഷൻ ലഭ്യമാക്കുന്ന

തിന് സംവിധാനമുണ്ടാക്കേണ്ടതുണ്ട്. നോർക്കവഴി പ്രവാസികൾക്കുവേണ്ടി നടപ്പാക്കുന്ന പദ്ധതിയിൽ സാമ്പത്തികസഹായം ലഭിക്കുന്നതിന് വളരെ തുച്ഛ മായ വരുമാന പരിധിയാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് പലർക്കും ആനുകൂല്യം നിഷേധിക്കപ്പെടുകയാണ്. വരുമാനപരിധിയിൽ കാലാനുസൃതമായ മാറ്റം വരുത്തി പരമാവധി പ്രവാസികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുവേണ്ടി നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുക യാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ദീർഘകാലമായി കേരളത്തിലെ പ്രവാസികൾ ഉന്നയിക്കുന്ന ഏതാണ്ട് 5 കാര്യങ്ങളടക്കമുള്ള ആവശ്യങ്ങളാണ് ബഹുമാന്യനായ മെമ്പർ ശ്രീ. പി. ഉബൈദുള്ള ഇവിടെ ഉന്നയിച്ചത്. കേരളത്തിലെ പ്രവാസി സമൂഹം ഗൾഫിലേയ്ക്ക് പോകുമ്പോഴും വരുമ്പോഴുമെല്ലാം പറയുന്ന കാര്യങ്ങളാണ് ഇദ്ദേഹത്തിന്റെ ഈ സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. പ്രവാസി ക്ഷേമവകുപ്പ് പ്രവാസികളുടെ ക്ഷേമത്തിനായി ധാരാളം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അദ്ദേഹം ആവശ്യപ്പെട്ടതുപോലെ ആ പദ്ധതികൾക്കെല്ലാം കഴിഞ്ഞ രണ്ട് വർഷം കൊണ്ട് വലിയ വർദ്ധനവിൽ സഹായങ്ങൾ കൊടുക്കുന്നുണ്ട്. സാന്ത്വന പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായത്തിന് നേരത്തെ 10,000 രൂപയായിരുന്നത് ഈ ഗവൺമെന്റ് 20,000 രൂപയായും വീൽ ചെയർ, ക്രച്ചസിന്റെ സഹായം 5,000 രൂപയായിരുന്നത് 10,000 രൂപയായും വിവാഹ ധനസഹായം 7,500 രൂപയായിരുന്നത് 15,000 രൂപയായും വർദ്ധിപ്പിച്ചു.

അങ്ങനെ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഏതാണ്ട് 3 കോടിയോളം രൂപ സാന്ത്വന പദ്ധതിയിൽ ഫണ്ട് കൊടുത്തിട്ടുണ്ട്. അതുപോലെ ചെയർമാൻ ഫണ്ട് മുഖേനയുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും 10,000 രൂപയിൽ നിന്നും 25,000 രൂപയാക്കി. വീൽ ചെയർ, ക്രച്ചസിന്റെ സഹായം 5,000 രൂപയിൽ നിന്നും 10,000 രൂപയാക്കി. വിവാഹ ധനസഹായം 7,500 രൂപയിൽ നിന്നും 15,000 രൂപയാക്കി. അങ്ങനെ 87 ലക്ഷം രൂപ രണ്ട് വർഷംകൊണ്ട് ചെയർമാൻ ഫണ്ടിൽനിന്ന് കൊടുത്തിട്ടുണ്ട്. നോർക്ക റൂട്ട്സിന് നൽകുന്ന തിരിച്ചറിയൽ കാർഡിനൊപ്പമുള്ള സൗജന്യ ഇൻഷ്വറൻസ് തുക നേരത്തെ 1,00,000 രൂപയായിരുന്നത് ഇപ്പോൾ 2,00,000 രൂപയാക്കി. സ്ഥിര വൈകല്യങ്ങൾക്ക് 2,00,000 രൂപയും ഭാഗികമായ വൈകല്യങ്ങൾക്ക് 1,00,000 രൂപയും സഹായം കൊടുക്കുന്നുണ്ട്. ഈ സർക്കാർ വന്നതിനുശേഷം ഈ രംഗത്ത് വലിയ വർദ്ധനവ് വരുത്തിയിട്ടുണ്ട്. എങ്കിലും മെമ്പർ പറഞ്ഞതുപോലെ ഇതൊന്നും പ്രവാസികളെ സംബന്ധിച്ച് വലിയ സഹായമായി കാണാൻ സാധിക്കില്ല. ഗൾഫിൽ മാത്രമായി ഏതാണ്ട് 30 ലക്ഷം മലയാളികളുണ്ട്. അവരുടെ ഒരു വർഷത്തെ വരുമാനം വഴി നമുക്ക് ലഭിക്കുന്നത് ഏതാണ്ട് 50,000 കോടി രൂപയാണ്. ആ നിലയ്ക്ക് അവരെ സഹായിക്കാനുള്ള ബാദ്ധ്യത കേരള ഗവൺമെന്റിനുണ്ട്. പ്രവാസികൾക്കുള്ള ഇൻഷ്വറൻസ് ആനുകൂല്യം അപകടമരണത്തിന് മാത്രമല്ല അദ്ദേഹം പറഞ്ഞതുപോലെ സ്വാഭാവികമരണത്തിനും കൊടുക്കുന്ന കാര്യം പരിശോധിക്കാം. ആളുകൾ നാട്ടിൽ വരുന്നത് ഒരു മാസത്തെ

അവധിക്കായിരിക്കും. അവർക്ക് ഇവിടെ ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ടാകും. നമ്മുടെ ഓഫീസുകളിലെ അവസ്ഥ നോക്കിയാൽ ഒരു കാര്യവും സമയത്ത് നടക്കില്ല. ഇപ്പോൾ സേവനാവകാശ നിയമം കൊണ്ടുവന്നു. അദ്ദേഹം പറഞ്ഞതുപോലെ ഐഡന്റിറ്റി കാർഡ് മാറ്റി പ്രിവിലേജ് കാർഡ് കൊടുത്താൽ, ആ കാർഡുമായി ഓഫീസിലേയ്ക്ക് പോയാൽ പരിഗണന കിട്ടുമോ? എനിക്കറിയില്ല. കിട്ടുമെങ്കിൽ നമുക്ക് ആലോചിക്കാം. നമ്മുടെ ഉദ്യോഗസ്ഥരുടെ മനോഭാവത്തിൽ മാറ്റമുണ്ടാകണം. ഒരു മാസമോ ഒന്നര മാസമോ അവധിക്ക് വരുന്ന ആളുകളെ ഹരാസ് ചെയ്യുന്നു; വളരെ താമസമുണ്ടാകുന്നു. സേവനാവകാശ നിയമംകൊണ്ട് സമയബന്ധിതമായ സഹായം കൊടുക്കാൻ സാധിച്ചാൽ തീർച്ചയായും പരിഹാരമുണ്ടാക്കാൻ സാധിക്കും. അതുപോലെ അംശദായം 300 രൂപയും പെൻഷൻ 1,000 രൂപയുമായി നിജപ്പെടുത്തുന്നതിനു പകരം അംശദായം 300 രൂപയോ അതിൽ കൂടുതലോ എന്നുള്ള നിർദ്ദേശം പരിഗണിക്കാം. മറ്റൊരു കാര്യം അദ്ദേഹം പറഞ്ഞത് 60 വയസ് പൂർത്തിയായതും 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചതുമായ അംഗത്തിന് ഇപ്പോൾ പ്രതിമാസം 1,000 രൂപ പെൻഷൻ കൊടുക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞത് ചെറുപ്പക്കാരെ ചേർത്തുകഴിഞ്ഞാൽ, അവർ 5 വർഷം പൈസ അടച്ചാൽ അവർക്ക് സഹായം കൊടുക്കണമെന്നാണ്. അതിലൊരു കാര്യമുള്ളത്, ഒരു മാസം 300 രൂപ വച്ച് അടച്ചാൽ ഒരു വർഷം കൊണ്ട് അവർ ആകെ അടയ്ക്കുന്നത് 3,600 രൂപ. 5

വർഷംകൊണ്ട് 18,000 രൂപ. 18,000 രൂപ അടയ്ക്കുന്ന ആളിന് 60 വയസ്സുമുതൽ പെൻഷൻ കൊടുത്തുതുടങ്ങിയാൽ ഒന്നര വർഷമാകുമ്പോൾ 18,000 രൂപ തിരിച്ച് കയ്യിൽ കിട്ടും. ഇപ്പോഴത്തെ ആയുർദൈർഘ്യം 70-75 ആണ്. പിന്നെ ആര് പൈസ കൊടുക്കും? പ്രവാസികളുടെ ഫണ്ടിന് സംസ്ഥാന ഗവൺമെന്റിന്റെ കോൺട്രിബ്യൂഷനില്ല. അവരുടെ സഹായമേ ഇവിടെ ലഭിക്കുന്നുള്ളൂ. അതുകൊണ്ട് ഒരു ഫിനാൻഷ്യലി വയബിളല്ലാത്ത സ്ഥിതിയെക്കുറിച്ച് ആലോചിക്കാൻ സാധിക്കില്ല. എങ്കിലും അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ കൂടുതൽ കാലം അംശദായം അടച്ചാൽ അവർക്ക് അവരുടെ അടവിനനുസരിച്ച് ആനുപാതികമായി ആനുകൂല്യം കൊടുക്കുന്ന കാര്യം പരിശോധിക്കാം. തീർച്ചയായും സംസ്ഥാന ഗവൺമെന്റ് പ്രവാസികളുടെ കാര്യത്തിൽ താൽപ്പര്യം കാണിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഗൾഫ് രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളോടും ചർച്ച ചെയ്തുകൊണ്ട്, അവിടെ നോർക്കയുടെ ഹെൽപ്പ് ഡെസ്ക് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യ ഹെൽപ്പ് ഡെസ്ക് ബഹറിനിലെ കേരളീയ സമാജത്തിൽ ഞാൻ പോയി ഉദ്ഘാടനം ചെയ്യുകയുണ്ടായി. അതുപോലെ ജി.സി.സി. കൺട്രീസിൽ പ്രവാസി ക്ഷേമപദ്ധതികളെ സംബന്ധിച്ച് പ്രചരിപ്പിക്കാനും അവരുമായി ബന്ധപ്പെടാനും കഴിയുന്ന രീതിയിൽ ഗൾഫിലുള്ള എല്ലാ സംഘടനകളുമായും അത് പ്രവാസി സംഘങ്ങളാകട്ടെ കെ.എം.സി.സി. യാകട്ടെ ഒ.ഇ.സി.സി. യാകട്ടെ എല്ലാവരുമായി ബന്ധപ്പെട്ടുകൊണ്ട് പ്രവാസി ക്ഷേമകാര്യങ്ങൾ സജീവമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

(10) റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റേണ്ടതിന്റെ ആവശ്യകത

ശ്രീ. അൻവർ സാദത്ത്: സർ, ഒരു പ്രധാനപ്പെട്ട വിഷയമാണ് ഞാനിന്ന് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. സമൂഹത്തിലെ വളരെ പാവപ്പെട്ടവരേയും മറ്റൊരു തരത്തിലും ജീവിതവൃത്തിക്ക് മാർഗ്ഗമില്ലാത്തവരേയും പഞ്ചായത്ത് തലത്തിൽ കണ്ടെത്തിയാണ് ഓരോ പഞ്ചായത്തിലും അഗതി ആശ്രയ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭക്ഷണം, കുടിവെള്ളം, ആരോഗ്യ ചികിത്സാ സഹായം, വിദ്യാഭ്യാസം തുടങ്ങിയവ നൽകുവാൻവേണ്ടി വലിയ സഹായ പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഈ ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട പല കുടുംബങ്ങളുടെയും റേഷൻ കാർഡ് എ.പി.എൽ. ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട എ.പി.എൽ. റേഷൻ കാർഡുകാരെ ബി.പി.എൽ. ആക്കി നൽകുവാൻ സർക്കാർ അടിയന്തരമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 27-04-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 112/12 ത.സ്വ.വ. ഉത്തരവ് പ്രകാരം ആശ്രയ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള എല്ലാവരേയും ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് മന്ത്രിസഭാ തീരുമാനപ്രകാരം ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം ഇവർക്ക് ബി.പി.എൽ. റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി എല്ലാ ജില്ലാ കളക്ടർമാരും സ്വീകരിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ എന്തെങ്കിലും വീഴ്ചയോ പോരായ്മയോ

ഉണ്ടെങ്കിൽ അവ ശ്രദ്ധയിൽപ്പെടുത്തിയാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനുപുറമേ മുഖ്യമന്ത്രി എല്ലാ എം.എൽ.എ. മാരുടെയും വിലയിരുത്തൽ സമിതികൾ.......... കുടുംബശ്രീ നടന്ന സന്ദർഭത്തിൽ ഈ ആശ്രയയിൽ പെടുന്ന ആളുകൾക്ക് ജെനറിക് മരുന്നുകൾ സൗജന്യമായി കൊടുക്കുന്നതിനെപ്പറ്റിയുള്ള ഒരു ആശയം അദ്ദേഹം മുന്നോട്ടുവച്ചിട്ടുണ്ട്. അത് അദ്ദേഹവുമായി ആലോചിച്ചശേഷം ആ കാര്യംകൂടി ഉൾപ്പെടുത്തി ഒരു തീരുമാനം എടുക്കുന്നതാണ്.

(11) ചമ്രവട്ടം അയ്യപ്പക്ഷേത്രത്തിന്റെ പുനർ നിർമ്മാണം

ഡോ. കെ. ടി. ജലീൽ: സർ, മലപ്പുറം ജില്ലയിൽ എന്റെ നിയോജക മണ്ഡലത്തിലെ ചമ്രവട്ടം അയ്യപ്പക്ഷേത്രം ഏതാനും ദിവസങ്ങൾക്കുമുമ്പ് തീ കത്തി നശിച്ചത് ദൗർഭാഗ്യകരമായ ഒരു സംഭവമായിരുന്നു. തീ കത്തിയതിനെത്തുടർന്ന് നാനാജാതിമതസ്ഥരും ഓടിക്കൂടി തീ അണയ്ക്കുന്നതിന് നേതൃത്വം നൽകിയത് മതസൗഹാർദ്ദത്തിന്റെ വലിയൊരു മാതൃകയാണ് പ്രസ്തുത പ്രദേശത്തുണ്ടാക്കിയത്. 75 ലക്ഷത്തോളം രൂപയാണ് ഈ ക്ഷേത്രം പുനർനിർമ്മിക്കുന്നതിന് ആവശ്യമായി വരുന്നതെന്നാണ് പ്രാഥമികമായ കണക്കുകൾ സൂചിപ്പിക്കുന്നത്. എത്രയും വേഗം ഈ പണം അനുവദിച്ച് ദേവസ്വം ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽത്തന്നെ ക്ഷേത്രം പുനർനിർമ്മിക്കുന്നതിന് ആവശ്യമായിട്ടുള്ള സത്വര നടപടികൾ സ്വീകരിക്കമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ശബരിമല തീർത്ഥാടകർ അവരുടെ

ഇടത്താവളമായി കാണുന്ന ഒരു ക്ഷേത്രംകൂടിയാണ് ചമ്രവട്ടത്തെ അയ്യപ്പക്ഷേത്രം. മിനി പമ്പയെ ഔദ്യോഗിക ശബരിമല ഇടത്താവളമായി സർക്കാർ പ്രഖ്യാപിച്ചു. ഈ അയ്യപ്പക്ഷേത്രവും ശബരിമല തീർത്ഥാടകരുടെ ഇടത്താവളമായി പ്രഖ്യാപിക്കണമെന്ന ആവശ്യം വളരെ കാലങ്ങളായി നിലനിൽക്കുന്നുണ്ട്. ഇതുകൂടി പരിഗണിച്ച് ക്ഷേത്രത്തിന്റെ പുനർ നിർമ്മാണവും അതോടൊപ്പംതന്നെ ശബരിമല തീർത്ഥാടകരുടെ താത്കാലിക ഇടത്താവളവുമായി ഈ ക്ഷേത്രത്തെ മാറ്റുന്നതിനുതകുന്ന നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മലപ്പുറം ജില്ലയിലെ തവനൂർ നിയോജക മണ്ഡലത്തിൽപ്പെടുന്നതും മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്നതുമായ ചമ്രവട്ടം ശ്രീ അയ്യപ്പക്ഷേത്രത്തിൽ 02–03–2013-ലുണ്ടായ തീ പിടിത്തത്തിൽ വൻ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. ഇക്കാര്യം സ്ഥലം സന്ദർശിച്ചപ്പോൾ എനിക്ക് നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ, തിരൂർ ആർ.ഡി.ഒ., ക്ഷേത്ര ഭരണാധികാരികൾ, പോലീസ് അധികാരികൾ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ഈ കാര്യത്തിൽ വിശദമായ ചർച്ച നടത്തുകയുണ്ടായി. ആ നിർദ്ദേശമനുസരിച്ച് മലബാർ ദേവസ്വംബോർഡ് കൺസൾട്ടിംഗ് എഞ്ചിനീയറും ദേവസ്വം ബോർഡ് ഏർപ്പെടുത്തിയ എഞ്ചിനീയറും സംയുക്തമായി ക്ഷേത്ര പുനരുദ്ധാരണത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി വരികയാണ്. ഇത് അടിയന്തരമായി നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ക്ഷേത്രനിർമ്മാണം പൂർത്തിയാകുന്നതുവരെ ഒരു

സ്പെഷ്യൽ ഓഫീസറെ അധിക ചുമതലയിൽ നിയമിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ക്ഷേത്ര പുനർനിർമ്മാണത്തിന് മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്ര ജീർണ്ണോദ്ധാരണ പദ്ധതിയിൽ നിന്നും പരമാവധി തുക അനുവദിക്കുന്നതാണ്. ആവശ്യമുള്ള പക്ഷം സർക്കാരിൽനിന്നും സഹായം നൽകുന്ന കാര്യവും പരിഗണിക്കുന്നതാണ്. ക്ഷേത്രം ചമ്രവട്ടം പുഴയിലേയ്ക്ക് തള്ളി വെള്ളത്താൽ ചുറ്റപ്പെട്ട് സ്ഥിതിചെയ്യുകയാണ്. സ്ഥലപരിമിതിയുണ്ട്. എന്നിരുന്നാലും വളരെയധികം ശബരിമല തീർത്ഥാടകർ എത്തിച്ചേരുന്ന ക്ഷേത്രമായതിനാൽ നിലവിലുള്ള സ്ഥലം പരമാവധി പ്രയോജനപ്പെടുത്തി ചമ്രവട്ടം ക്ഷേത്രത്തെ ശബരിമല അയ്യപ്പ ഭക്തരുടെ ഇടത്താവളമാക്കി മാറ്റുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (12) പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയ സംഭവം

ശ്രീ. പി.കെ. ഗുരുദാസൻ: സർ, ഇന്നലെ വൈകുന്നേരം കൊല്ലം നഗരത്തിന്റെ ഹൃദയഭാഗത്ത് തങ്കശ്ശേരിയിലുള്ള ഒരു യുവതി എൻട്രൻസ് കോച്ചിംഗ് ക്ലാസ്സിന് പോയശേഷം വൈകുന്നേരം ആറുമണിക്ക് ഒരു ഓട്ടോറിക്ഷയിൽ കയറി വീട്ടിലോട്ട് പോകൻ ഭാവിക്കവേ തൊട്ടടുത്തുനിന്ന് ഒരു ചെറുപ്പക്കാരൻ അക്രമി ഓട്ടോയിൽ ചാടിക്കയറി ആ പെൺകുട്ടിയെ പോകാൻ അനുവദിക്കാതെ ഓട്ടോറിക്ഷ മറ്റൊരു വഴിക്ക് തിരിച്ചുകൊണ്ടുപോയി അവർക്ക് മയക്കുമരുന്നുകൊടുത്ത് മയക്കിയതിനുശേഷം അവരുടെ സ്വർണ്ണവും മറ്റും അപഹരിച്ച് പൈശാചികമായി ഉപദ്രവിച്ച് കല്ലമ്പലം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കടമ്പാട്ടുകോണത്ത് ഉപേക്ഷിച്ചു. ഓർമ്മ വന്നതിനുശേഷം പരിസരത്തുള്ളവർ കല്ലമ്പലം പോലീസ് സ്റ്റേഷനിൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കല്ലമ്പലം പോലീസ് കൊല്ലം പോലീസിനെ

അറിയിക്കുകയും കൊല്ലം പോലീസ് കൂട്ടിക്കൊണ്ടുവരികയും ചെയ്തു. അതിനുശേഷം കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ ഗോപകുമാർ എന്നുപറയുന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ ഇവരെ വൃത്തികെട്ട രീതിയിൽ മൂന്നു മണിക്കൂർ ചോദ്യം ചെയ്തു. 12.30 മണിക്കാണ് ഇവരെ ആശുപത്രിയിൽ കൊണ്ടുപോയത്. ഇതുവരെ ഓട്ടോറിക്ഷക്കാരനെയും അക്രമിയെയും പിടികൂടിയിട്ടില്ല. നഗരത്തിന്റെ പ്രധാന സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആ ക്യാമറ പരിശോധിക്കാനോ ആരെയും പിടികൂടാനോ പോലീസ് സന്നദ്ധമായിട്ടില്ല. പോലീസും വളരെ മര്യാദകേടായാണ് പെരുമാറിയത്. ഗോപകുമാറെന്ന എസ്.ഐ –ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. പ്രതികളെ അറസ്റ്റ് ചെയ്യണം. കൊല്ലം മേയറും മറ്റാളുകളും പോലീസ് സ്റ്റേഷനിൽ എത്തിയെങ്കിലും പ്രതികളെ പിടികൂടുന്നതിനുള്ള യാതൊരു നടപടിയും പോലീസ് സ്വീകരിച്ചില്ല. അങ്ങ് നാളെ അവിടെ പോകുന്നതിനുമുമ്പ് കുറ്റവാളികളെ പിടികൂടണം. തങ്കശ്ശേരിയിൽ വളരെ പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബത്തിലുള്ള യുവതിയാണ്. പഠിച്ച് ഉദ്യോഗം നേടാൻ ആഗ്രഹിച്ച ഒരു പെൺകുട്ടിക്ക് ഉണ്ടായ ദുരനുഭവമാണിത്. ആവശ്യമായ നടപടി സ്വീകരിക്കണം, അതുപോലെതന്നെ ഗോപകുമാറിനെ നടപടിക്ക് വിധേയനാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് ഇവിടെ ആ കേസ്സിന്റെ പശ്ചാത്തലം വിശദീകരിച്ചതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. രാത്രി പത്തുമണിയോടുകൂടി യുവതിയെ കൊല്ലം പോലീസ് സ്റ്റേഷനിൽ എത്തിച്ചു. ഇക്കാര്യത്തിൽ യുവതിയുടെ മൊഴി പ്രകാരം ഇൻഡ്യൻ ശിക്ഷാ നിയമം 365,

394, 354, 323, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 597/2013 നമ്പ രായി ആയി കണ്ടാലറിയാവുന്ന രണ്ടുപേരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കഴുത്തിൽ ധരിച്ചിരുന്ന രണ്ടരപവന്റെ സ്വർണ്ണമാലയും ഒന്നരപ വന്റെ ബ്രേസ്‌ലെറ്റും മൊബൈൽ ഫോണും കവർച്ച ചെയ്തതായി യുവതി മൊഴി നൽകിയിട്ടുണ്ട്. പരാതിക്കാരി നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാ നത്തിലും കൊല്ലം സിറ്റിയിൽ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് ഒബ്സർവേഷൻ ക്യാ മറകളുടെ ഫീഡർ പരിശോധിച്ചും മറ്റു തരത്തിലുള്ള തെളിവുകൾ ശേഖ രിച്ചും പ്രതികളെ കണ്ടെത്തുന്നതിന് കൊല്ലം ഈസ്റ്റ് സർക്കിൾ ഇൻസ്പെക്ട റുടെ നേതൃത്വത്തിൽ ഊർജ്ജിതമായി അന്വേഷണം നടത്തുന്നുണ്ട്. അങ്ങ് ഇപ്പോൾ സംസാരിച്ചതിന്റെ കൂടി അടിസ്ഥാനത്തിൽ ഈ സംഭവത്തിന്റെ നിജ സ്ഥിതി അറിയുന്നതിന് സിറ്റി പോലീസ് കമ്മീഷണർ ശ്രീ. ബെഹ്റയോട് ആവശ്യപ്പെടുന്നതാണ്. കേസ് അന്വേഷണത്തിന്റെ മോണിട്ടറിംഗ് സിറ്റി പോലീസ് കമ്മിഷണർ തന്നെ നേരിട്ട് നടത്തണമെന്ന് ആവശ്യപ്പെടുന്നതാണ്.

### (13) മുൻ എം.എൽ.എ.യുടെ മകനെ മർദ്ദിച്ച സംഭവം

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, തൃശ്ശൂർ കേരളവർമ്മ കോളേജിൽ എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ കഴിഞ്ഞ കുറേദിവസമായി സാമൂഹ്യ വിരുദ്ധർ അഴിഞ്ഞാടുകയാണ്. കഴിഞ്ഞ ദിവസം നടന്ന അക്രമത്തിൽ സി.പി.ഐ സംസ്ഥാന കൗൺസിൽ അംഗം നമ്മുടെ സഭയിൽ നമ്മോടൊപ്പം അംഗമായിരുന്ന വളരെ മാന്യനായിരുന്ന ശ്രീ. രാജാജി മാത്യു തോമസിന്റെ മകൻ എ.ഐ.എസ്.എഫ്.-ന്റെ നേതാവ് ചില്ലോഗ് അജിത് തോമസിനെ ക്രൂര മായി മർദ്ദിച്ചു. മകനെയും എ.ഐ.എസ്.എഫ്. നേതാക്കളെയും മർദ്ദിച്ചവരെ

അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട്, എസ്.എഫ്.ഐ. ******[1]എതിരെ അദ്ദേഹത്തിന്റെ മകന്റെ ആശുപത്രിക്കിടക്കയിൽ നിരാഹാരം അനുഷ്ഠിക്കേണ്ടിവന്നു. രണ്ട് എസ്.എഫ്.ഐ. ക്കാരെ അറസ്റ്റ് ചെയ്തു. അപ്പോൾ അദ്ദേഹം നിരാഹാരം അവസാനിപ്പിച്ചു. അദ്ദേഹം നിരാഹാരം അവസാനിപ്പിച്ചപ്പോഴും എസ്.എഫ്.ഐ. അക്രമം തുടരുകയാണ്. ഇന്നലെ രാവിലെയും എ.ഐ.എസ്.എഫ്. നേതാവ് ജിനേഷിനെ എസ്.എഫ്.ഐ. ********[2]വീണ്ടും ആക്രമിച്ചിരിക്കുകയാണ്. അദ്ദേഹം, ശ്രീ. രാജാജി മാത്യു തോമസ് ആശുപത്രിക്കിടക്കയിൽനിന്ന് മാധ്യമങ്ങളോട് സംസാരിച്ചു. അദ്ദേഹം പറഞ്ഞു, സാമൂഹ്യദ്രോഹികളായ അവർ (എസ്.എഫ്.ഐ. ക്കാർ) നിരന്തരമായ അക്രമങ്ങൾ അഴിച്ചുവിടുകയാണ്. എസ്.എഫ്.ഐ. എന്ന പേരിന് സ്റ്റുഡന്റ്സ് ഫെഡറേഷൻ ഓഫ് ഇൻഡ്യ എന്നതിന് പകരം സ്റ്റുഡന്റ് ഫാസിസ്റ്റ് ഓഫ് ഇൻഡ്യ എന്ന് വിളിക്കണമെന്ന് ശ്രീ. രാജാജി ആവശ്യപ്പെടുകയുണ്ടായി. ശ്രീകേരളവർമ്മ കോളേജിൽ അക്രമ പരമ്പരകൾക്ക് നേതൃത്വം നൽകിയ മുഴുവൻ എസ്.എഫ്.ഐ. ************* അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത് ജനയുഗത്തിൽക്കൂടിയാണ്. (പത്രം ഉയർത്തിക്കാട്ടി) മനോരമയും മാതൃഭൂമിയും വീക്ഷണവുമൊന്നുമല്ല. ജനയുഗത്തിലെ ഈ ആവശ്യം നിങ്ങളാരെങ്കിലും ഉന്നയിക്കുമെന്ന് കരുതി രണ്ടുദിവസം സബ്മിഷന് ആലോചിക്കുകയായിരുന്നു. നിങ്ങൾ സി.പി.ഐ. ക്കാർ ആരെങ്കിലും, ബഹുമാനപ്പെട്ട സി.പി.ഐ. യുടെ നിയമസഭാകക്ഷി നേതാവ് കുറെ ******* ആക്രമണങ്ങളുടെ ലിസ്റ്റ് വായിച്ചല്ലോ, അങ്ങയുടെ പാർട്ടിയുടെ സംസ്ഥാന കൗൺസിൽ അംഗത്തിന്റെ മകനെ ക്രൂരമായി തല്ലിച്ചതച്ചിട്ട്, ശ്രീ. പന്ന്യൻ രവീന്ദ്രൻ

---

1

2 ********ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

അദ്ദേഹത്തെ സന്ദർശിക്കുന്ന ചിത്രം ജനയുഗത്തിലുണ്ട്. ഇവിടെ ചെരുപ്പു യർത്തിയ ആളുകൾക്ക് എസ്.എഫ്.ഐ. ക്കാർക്കെതിരെ ചെരുപ്പുയർത്താൻ തന്റേടമുണ്ടോ, ആർജ്ജവമുണ്ടോ, ആർജ്ജവമുണ്ടെങ്കിൽ നിങ്ങൾ ചെരുപ്പു യർത്തണം.

(.............ബഹളം..................)

<u>മി.സ്പീക്കർ</u>: യെസ്.... ആഭ്യന്തരമന്ത്രി മറുപടി പറയട്ടെ....

(...............ബഹളം..............)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ( <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> സർ, ....

(...............ബഹളം..............)

<u>മി. സ്പീക്കർ:</u> നിങ്ങൾക്ക് തന്ന ലിസ്റ്റിൽ ശ്രീ. പി.കെ. ഗുരുദാസന്റെയും ശ്രീ. പി.സി. വിഷ്ണുനാഥിന്റെയും സബ്മിഷനില്ല. ഇങ്ങനെ അത്യാവശ്യം വരുമ്പോഴെല്ലാം കൊടുക്കാറുണ്ട്. ഇത് ആദ്യമല്ലല്ലോ. പ്ലീസ്..

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, 18–3–2013 ഉച്ചയ്ക്ക് 12 മണിയോടുകൂടി കേരളവർമ്മ കോളേജിലെ എ.ഐ.എസ്.എഫ്. അനുഭാവികളായ ......

(...................ബഹളം.................)

<u>മി. സ്പീക്കർ</u>: അങ്ങനെ എടുക്കുന്നതിന് വ്യവസ്ഥയുണ്ട്.

.......(ബഹളം).......

ശ്രീ. പി.സി. വിഷ്ണുനാഥ്: ഞാൻ കൺക്ലൂഡ് ചെയ്യാം.

(...................ബഹളം.................)

മി.സ്പീക്കർ: ശ്രീ. പി.സി. വിഷ്ണുനാഥ് വൈൻഡ് അപ് ചെയ്യൂ....

(...................ബഹളം.................)

ശ്രീ. പി.സി. വിഷ്ണുനാഥ്: വിദ്യാർത്ഥി നേതാക്കളെ, ഒരു മുൻ എം. എൽ.എ.യുടെ മകനെ ക്രൂരമായി തല്ലിയ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യണമെന്ന് അങ്ങയോട് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,

(.............ബഹളം..........)

മി.സ്പീക്കർ: ആഭ്യന്തരമന്ത്രി മറുപടി പറയട്ടെ.... എന്തിനാണ് നിങ്ങൾ ബഹളമുണ്ടാക്കുന്നത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ. നമ്മുടെ നിയമസഭാ നടപടി ചട്ടമനുസരിച്ച് രാഷ്ട്രീയ പാർട്ടി പ്രവർത്തകരുടെയോ സംഘടനകളുടെയോ പേര് പറയുമ്പോൾ ********[3] എന്ന് ഉപയോഗിക്കാൻ പാടില്ല എന്ന് റൂളിംഗുണ്ട്. അതിന് വിരുദ്ധമായി സംസാരിച്ചാൽ അത് രേഖയിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്. അല്ലെങ്കിൽ നാളെ കെ. എസ്. യു. ******** എന്ന് ഇവിടെ പറയും. അങ്ങനെ വന്നുകഴിഞ്ഞാൽ പ്രശ്നമാകും.

[3] ********ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

<u>മി.സ്പീക്കർ</u>: അത് രേഖകളിൽ ഉണ്ടാകില്ല. ആരു പ്രയോഗിക്കുന്ന ****** രേഖയിലുണ്ടാകില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.സി. ജോസഫ്</u>) : അല്പം മുമ്പ് പോലീസ് ****** എന്ന് പറഞ്ഞു ശ്രീ. മാത്യു ടി. തോമസ്. രാധാകൃഷ്ണന്റെ കമ്മ്യൂണിറ്റി പോലീസ് ******* പോലീസ് എന്നുപറഞ്ഞു. അതെവിടെപ്പോയി?

<u>മി.സ്പീക്കർ:</u> ശ്രീ. തിരുവഞ്ചൂർ...... അഭ്യന്തരമന്ത്രി പറയട്ടെ.....(ബഹളം)...അതൊന്നും രേഖയിൽ കാണില്ല. യെസ്......(ബഹളം)....അങ്ങ് സംസാരിക്കൂ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): 18–3–2013 ഉച്ചയ്ക്ക് 12 മണിയോടെ കേരളവർമ്മ കോളേജിലെ എ.ഐ.എസ്.എഫ് അനുഭാവിയായ സിജോ എന്ന വിദ്യാർത്ഥിയെ എസ്.എഫ്.ഐ. പ്രവർത്തകർ കോളേജിനകത്തുവച്ച് ഇഷ്ടികകൊണ്ട് ഇടിച്ചു. ഇതുമയി ബന്ധപ്പെട്ട് വൈശാഖ്, പ്രവീൺ, അരുൺ ഗോവിന്ദ്, വിഷ്ണു വിജയ് എന്നിവരെ പ്രതികളാക്കി വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 416/2013 ആയി ഇന്ത്യൻ ശിക്ഷാ നിയമം 341, 324, 34 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. 19–3–2013 പകൽ 2.45 –ന് ശ്രീ. രാജാജി മാത്യു തോമസിന്റെ മകനും എ.ഐ.എസ്.എഫ്. അനുഭാവിയും തൃശ്ശൂർ കേരളവർമ്മ കോളേജിലെ ഒന്നാംവർഷ ബി.എ. ഫിലോസഫി വിദ്യാർത്ഥിയുമായ പത്തൊൻപത് വയസ്സുള്ള ചില്ലോഗ് തോമസ് അച്യുതനെ എസ്.എഫ്.ഐ. അനുഭാവികളും അതേ കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികളുമായ വൈശാഖ്, അശ്വിൻ, വിഷ്ണു വിജയ്, പ്രവീൺ, സഞ്ജയ് എന്നിവർ ചേർന്ന് ദേഹോപദ്രവമേൽപ്പിച്ചു. കോളേജിൽ വച്ച്

നടന്ന ഈ സംഭവത്തിൽ തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 418/2013 ആയി ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 148, 341, 323, 326, 427, 149 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. പ്രതികളായ അശ്വിൻ, സഞ്ജയ് എന്നിവരെ അറസ്റ്റ് ചെയ്തു. എ.ഐ.എസ്.എഫ് പ്രവർത്തകർ വാദികളായി ഇന്ത്യൻ ശിക്ഷാനിയമം 341, 323, 34 ഐ.പി.സി. പ്രകാരം ടൗൺ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 423/2013 ആയി എസ്.എഫ്.ഐ. ക്കാർക്കെതിരെ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിലെ പ്രതികളെ അറസ്റ്റ് ചെയ്യാനുള്ള ശ്രമം നടക്കുന്നുണ്ട്. മേൽപ്പറഞ്ഞ സംഭവത്തിൽ എസ്. എഫ്.ഐ. പ്രവർത്തകരായ വൈശാഖ്, അനുപ്, സെന്തിൽ, അനുരാജ് എന്നി വർ പരിക്കേറ്റ് തൃശ്ശൂർ ജില്ല ആശുപത്രിയിൽ ചികിത്സയ്ക്ക് പോയപ്പോൾ അവരെ ആശുപത്രി വളപ്പിൽവച്ച് എ.ഐ.എസ്.എഫ്. പ്രവർത്തകർ വീണ്ടും ആക്രമിച്ചു എന്ന് പറഞ്ഞ് മേൽപ്പറഞ്ഞ എസ്.എഫ്.ഐ. പ്രവർത്തകർ തൃശ്ശൂർ സഹകരണ ആശുപത്രിയിൽ ചികിത്സ തേടി. അക്കാര്യത്തിൽ തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 606/ 2013 ആയി ഇന്ത്യൻ ശിക്ഷാ നിയമം 341, 323, 34 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. 2012–2013 അദ്ധ്യയന വർഷത്തിൽ നടന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ എ.ഐ.എസ്.എഫ്. പ്രവർത്തകനായ ഫരിസ്ത ഒരു സീറ്റിൽ വിജയിച്ചിരുന്നു. രണ്ടാം വർഷ ബി.എ. ഇംഗ്ലീഷ് വിദ്യാർത്ഥിയായ ഫരിസ്തയെ മേൽപ്പറഞ്ഞ വിദ്യാർത്ഥികൾ പലപ്പോഴായി കളിയാക്കിയിരുന്നത് എ.ഐ.എസ്.എഫ്. അനുഭാവികളായ ചില്ലോഗ് തോമസും മറ്റും ചോദ്യം ചെയ്തതും എ.ഐ.എസ്.എഫ്. ഒരു സീറ്റിൽ വിജയിച്ചതുമാണ് മേൽപ്പറഞ്ഞ അക്രമത്തിനുള്ള വിരോധ കാരണമെന്ന് തെളിവായിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ട് കേസ്സുകളും തൃശ്ശൂർ വെസ്റ്റ് എസ്.ഐ., തൃശ്ശൂർ ഈസ്റ്റ് എസ്.ഐ. എന്നിവർ അന്വേ

ഷിച്ച് വരികയാണ്. ഞാൻ ഒരു വാക്കുകൂടി പറയട്ടെ. അങ്ങ് നേരത്തെ ഇവിടെ പറഞ്ഞതുപോലെ *******[4] പ്രയോഗം രേഖയിൽനിന്ന് മാറ്റണമെന്ന് പറഞ്ഞ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നിർദ്ദേശത്തോട് ഞാൻ പൂർണ്ണ മായും യോജിക്കുകയാണ്. പക്ഷേ അത് അദ്ദേഹത്തിന്റെ സീറ്റിന് തൊട്ടടു ത്തിരിക്കുന്ന ശ്രീ. മാത്യു.ടി. തോമസാണ് ഇന്നത്തെ ദിവസം രാവിലെ അത് തുടങ്ങിയത്. അതുകൊണ്ട് പിൻവലിക്കുമ്പോൾ അതുമുതലുള്ള എല്ലാ ****** പ്രയോഗങ്ങളും പിൻവലിക്കണം.

മി. സ്പീക്കർ: അത് പിൻവലിക്കുകയല്ല, ചെയർ സഭാ രേഖക ളിൽനിന്നും അത് നീക്കം ചെയ്യും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അതിന് ഞാൻ അങ്ങയെ അഭിനന്ദി ക്കുകയ[5]ാണ്.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ)

---

[4] ********ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

[5] ********ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.